# YOUTH TIMES

Quarterly Magazine from CSI Youth Movement, Sharjah യൂത്ത് ടൈംസ് Apr - Jun 2020

**മനുഷ്യപുത്രൻ**
ശുശ്രൂഷ ചെയ്യിപ്പാനല്ല,
ശുശ്രൂഷിപ്പാനും
അനേകർക്കു വേണ്ടി
**തന്റെ ജീവനെ**
മറുവിലയായി കൊടുപ്പാനും
**അത്രേ വന്നതു**

മർക്കൊസ് 10: 45



## Year Of Service
## സേവനത്തിന്റെ വർഷം

[for private circulation only]



2020 മാർച്ചിൽ നടന്ന യുവജനപ്രസ്ഥാന ജോയിന്റ് കമ്മറ്റി



യുവജനപ്രസ്ഥാനത്തിന്റെ ആരംഭം: ശ്രീ. റോയ് ഈപ്പൻ



കഴിഞ്ഞ ലക്കത്തിലെ ബൈബിൾ ക്വിസ്സ് വിജയികൾ

# Youth Times

ത്രൈമാസിക

CSI Youth Movement Sharjah
P. O. Box. 25570, Sharjah, UAE.
Phone No. 06 5661088
csiyouthmovementsharjah@gmail.com

**ചീഫ് എഡിറ്റർ**

റവ. വറുഗ്ഗീസ് മാത്യു

**എഡിറ്റർ**

ബനെനെറ്റ് യേശുദാസൻ

**അസിസ്റ്റന്റ് എഡിറ്റർ**

കൃപ അലക്സ്

**എഡിറ്റോറിയൽ ബോർഡ്**

ഐഡ സാറ മാത്യു
സോണിയ ഡെറിക്ക്
അതുൽ ജോ ബാബു
ഒബിൻ കെ ജോസഫ്
എബ്രഹാം മാത്യു
അലൻ ലോറൻസ്

### വായനക്കാരുടെ ശ്രദ്ധയ്ക്ക്

യൂത്ത് ടൈംസിൽ ഉൾപ്പെടുത്താനുള്ള രചനകൾ യുവജന പ്രസ്ഥാനത്തിന്റെ ഭാരവാഹികളെയോ യൂത്ത് ടൈംസ് എഡിറ്റോറിയൽ ബോർഡ് അംഗങ്ങളുടെയോ കൈവശം നൽകേണ്ടതാണ്.

അതോടൊപ്പം യൂത്ത് ടൈംസിനെക്കുറിച്ചുള്ള നിങ്ങളുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഞങ്ങളെ അറിയിക്കുക.

ഈ ലക്കം യൂത്ത് ടൈംസ് സ്പോൺസർ ചെയ്തത് ശ്രീ. അലൻ ലോറൻസ്.

# യൂത്ത് ടൈംസ്

ഏപ്രിൽ – ജൂൺ 2020

## ഉള്ളടക്കം

എഡിറ്റോറിയൽ

ഇടവകപ്പട്ടക്കാരന്റെ കത്ത്

വചന ധ്യാനം : ജിലേഷ് ചെറിയാൻ

മിഷൻ റിപ്പോർട്ട്: തോട്ടപ്രദേശ മിഷൻ

കവിത : അറിവും ജ്ഞാനവും

അഭിമുഖം : വറുഗ്ഗീസ് മാത്യു അച്ചൻ

അനുഭവസാക്ഷ്യം: ഷാജി തോമസ്

ലേഖനം: സേവന വർഷം

കഥ: ക്ഷമയുടെ മൂല്യം

സഭാ ചരിത്രം: ഓൾ സെയിന്റ്സ് സി. എസ്. ഐ. ചർച്ച് പട്ടാഴി

ലേഖനം: ക്രിസ്തുവിന്റെ നല്ല ഭടനായി നീയും

Poem: For My Love

Story: The Recipe to Being Happy

Essay: Fear of God

Essay: Influence of Western Culture

കാർട്ടൂൺ

ലേഖനം: നഷ്ടപ്പെടുന്ന സൗഹൃദങ്ങൾ

ആരോഗ്യം: കോവിഡ് 19

പാചകം: പപ്പട തോരൻ

ബൈബിൾ ക്വിസ്സ്

## എഡിറ്റോറിയൽ



ക്രിസ്തു യേശുവിന്റെ നാമത്തിൽ എല്ലാവർക്കും സ്നേഹ വന്ദനം,

ഈ കൊറോണാ കാലത്ത് വീണ്ടും ഒരു യൂത്ത് ടൈംസുമായി നിങ്ങളുടെ മുൻപിൽ വരാൻ സാധിച്ചതോർത്ത് ദൈവത്തിന് നന്ദി കരേറ്റുന്നു. നാം സേവന വർഷമായി ആചരിക്കുന്ന 2020 ന്റെ ഈ സാഹചര്യത്തിൽ, നാമും നാം അടങ്ങുന്ന ഈ സമൂഹവും കോവിഡ് 19 എന്ന മഹാവ്യാധിയുടെ ഭീതിയിലും പലതരത്തിലുള്ള സഹനത്തിലും പ്രതിസന്ധികളിലും ആയിരിക്കുന്നു.

യേശു കർത്താവ് താൻ ഭൂമിയിൽ ആയിരുന്ന നാളുകളിൽ സൗഖ്യദായക ശുശ്രൂഷയുടെ ഭാഗമായി 70 ശിഷ്യന്മാരെ നിയമിക്കുകയും, പട്ടണങ്ങളിലും ഗ്രാമങ്ങളിലും രോഗികളെ സൗഖ്യമാക്കാനുള്ള അധികാരം നൽകി യാത്രയാക്കി. ചെറിയവരെന്നോ വലിയവരെന്നോ തരം തിരിക്കാതെ തുല്യ പരിഗണന നൽകി. രോഗികളെ സന്ദർശിക്കുന്നതിനും, അവരുടെ സങ്കടങ്ങളിൽ ആശ്വസിപ്പിക്കുന്നതിനും, അവർക്ക് വേണ്ടി പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകതയേയും കർത്താവ് നമ്മുടെ മുൻപിൽ വരച്ച് കാട്ടുന്നു. രാവെന്നോ പകലെന്നോ വ്യത്യാസമില്ലാതെ സദാ സമയവും നമുക്ക് വേണ്ടി ജാഗരിക്കുന്ന യേശു കർത്താവിനേയാണ് നാം തിരുവചനത്തിലൂടെ കാണുന്നത്. അവിടുത്തെ ജീവിതത്തിൽ കാണിച്ച് തരികയും പഠിപ്പിക്കുകയും ചെയ്തതു പോലെ നമുക്ക് ചുറ്റും സ്നേഹത്തിനായി കരുതലിനായി ആഗ്രഹിക്കുന്നവരെ കണ്ടെത്താനും അവരിലൂടെ നമ്മുടെ ക്രിസ്തുവിനെ കണ്ടെത്തി, ക്രിസ്തു ആഗ്രഹിക്കുന്ന ശുശ്രൂഷ ചെയ്യുവാൻ നമുക്ക് സാധിക്കട്ടെ. അതിലൂടെ ഈ സേവന വർഷം നമ്മുടെ ജീവിതത്തിലൂടെ അർത്ഥവത്താക്കാൻ സാധിക്കട്ടെ.

**എനിക്ക് വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻ തന്നു; ദാഹിച്ചു, നിങ്ങൾ കുടിപ്പാൻ തന്നു; ഞാൻ അതിഥിയായിരുന്നു, നിങ്ങൾ എന്നെ ചേർത്ത് കൊണ്ടു; നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചു; രോഗിയായിരുന്നു, നിങ്ങൾ എന്നെ കാണ്മാൻ വന്നു; തടവിൽ ആയിരുന്നു, നിങ്ങൾ എന്റെ അടുക്കൽ വന്നു;** മത്തായി 25:35–37

ഈ ലക്കം യൂത്ത് ടൈംസ് പ്രസിദ്ധീകരിക്കുന്നതിന് ആവശ്യമായ രചനകൾ നൽകിയവരോടും, സ്പോൺസർ ചെയ്ത വ്യക്തിയോടും, കലാമേളയുടെ രചനകൾ പ്രസിദ്ധീകരിക്കാൻ ആവശ്യമായ അനുവാദം നൽകിയ യു. എ. ഇ. സി. എസ്. ഐ. യൂത്ത് കമ്മറ്റിയോടും, യുവജന പ്രസ്ഥാന കമ്മറ്റിയോടും, സഭാ കമ്മറ്റിയോടും വിശേഷാൽ അഭിമുഖം നൽകുകയും വേണ്ട നേതൃത്വവും നൽകുന്ന വറുഗ്ഗീസ് മാത്യു അച്ചനോടും നന്ദി രേഖപ്പെടുത്തുന്നു. ഇതിലെ രചനകൾ വായനക്കാർക്ക് അനുഗ്രഹത്തിനും ദൈവത്തോട് കൂടുതൽ അടുക്കുന്നതിനും കാരണമാകട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

# ഇടവകപ്പട്ടക്കാരന്റെ കത്ത്



കർതൃനാമത്തിൽ സ്നേഹവന്ദനം,

സമാനതകളില്ലാത്ത ഈ കാലഘട്ടം യുവതീയുവാക്കളെ വേറിട്ട ചിന്താധാരകളിലേക്കും പ്രവൃത്തി പദത്തിലേക്കും നയിച്ചു കൊണ്ടിരിക്കുന്നു. യുവത്വം വ്യത്യസ്തതകളെ ഉൾക്കൊള്ളുകയും വെല്ലുവിളികളെ അതിജീവിക്കുകയും ചെയ്തുവെങ്കിൽ മാത്രമേ ലോകത്തിൽ മുന്നേറുവാൻ സാധിക്കുകയുള്ളൂ. വിദ്യാഭ്യാസത്തിലും ജോലിയിലും എല്ലാം ഈ മാറ്റങ്ങൾ പ്രകടമായിക്കൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിലാണ് യൂത്ത് ടൈംസ് എന്ന പ്രസിദ്ധീകരണം പൊതുജന സമക്ഷം വായനയ്ക്കായി സമർപ്പിക്കുന്നത്. പ്രവാസ ഭൂമിയിലെ പരിമിതികളുടേയും തിരക്കുകളുടെയും അനിശ്ചിതത്വങ്ങളുടേയും മദ്ധ്യത്തിൽ, നമ്മുടെ യുവതീയുവാക്കളുടെ ആവിഷ്കാര വേദിയായി ഈ പ്രസിദ്ധീകരണം തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.


എല്ലാ രചയിതാക്കൾക്കും ആശംസകൾ അർപ്പിക്കുന്നു. ഈ പ്രസിദ്ധീകരണം എല്ലാവർക്കും അനുഗ്രഹത്തിന് മുഖാന്തരമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം

വറുഗ്ഗീസ് മാത്യു അച്ചൻ

## UAE Youth Kalamela

**2019 ഡിസംബർ 3–ാം തിയതി ഷാർജയിൽ വച്ച് നടന്ന യു. എ. ഇ. യൂത്ത് കലാമേളയിൽ ഒന്നാം സമ്മാനം നേടിയ രചനകൾ യു. എ. ഇ. യൂത്ത് കമ്മറ്റിയുടെ അനുവാദത്തോടെ ഈ ലക്കത്തിൽ പ്രസിദ്ധീകരിക്കുന്നു.**




വചന ധ്യാനം

# നന്മ ചെയ്കയിൽ നാം മടുത്ത് പോകരുത്; തളർന്ന് പോകാഞ്ഞാൽ തക്കസമയത്ത് നാം കൊയ്യും (ഗലാത്യർ 6:9)

**ജിലേഷ് ചെറിയാൻ**

വേദപുസ്തകത്തിൽ രണ്ടു കാലങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്, വിതയും കൊയ്ത്തും. ഈ കാലങ്ങളെക്കുറിച്ചുള്ള ഒരു തിരിച്ചറിവ് ഒരു കർഷകനു നല്ല രീതിയിൽ ഉണ്ടായിരിക്കും. ഒരു കാലത്തിൽ വിതച്ചാൽ അടുത്ത കാലത്തിൽ കൊയ്യാം എന്നുള്ളത് അവർക്ക് നന്നായി അറിയാവുന്ന കാര്യം തന്നെയാണു. ഇത് തന്നെയാണ് നമ്മുടെ ജീവിതയാഥാർത്ഥ്യത്തിലും സംഭവിക്കുന്നത്. നിങ്ങൾ ഈ കാലത്തിൽ ചെയ്യുന്ന ഒരോ നന്മ പ്രവർത്തികളും പിന്നീട് ഒരിക്കൽ നിങ്ങൾക്ക് അത് നല്ല അനുഭവങ്ങൾ ആയിത്തീരും. സഹായം ചെയ്യുമ്പോൾ നാം ഒന്നും തിരിച്ചു പ്രതീക്ഷിച്ചു കൊണ്ട് ചെയ്യാതിരിക്കുക. പ്രതിഫലം യഹോവ തരും എന്ന വിശ്വാസത്തോടെ ആകട്ടെ നാം പ്രവർത്തിക്കേണ്ടത്. സഭയായി ''സേവനത്തിന്റെ വർഷം'' ആയി ആഘോഷിക്കപ്പെടുമ്പോൾ അതായിരിക്കട്ടെ നമ്മുടെ മുന്നോട്ടുള്ള ലക്ഷ്യവും, മാർഗ്ഗങ്ങളും. ഈ ജീവിതത്തിന്റെ കാലത്ത് നാം എങ്ങനെ പ്രതികരിക്കുന്നുവോ തീർച്ചയായും അടുത്ത കാലത്ത് അത് പ്രതിഫലിക്കുക തന്നെ ചെയ്യും. അത് കൊണ്ട് നന്മ ചെയ്യാം, മടുത്ത് പോകാതെ മറ്റുള്ളവർക്ക് വേണ്ടി നന്മയുടെ വാതിൽ തുറക്കാം.

നാം ആർക്കുവേണ്ടിയും ഒരു ത്യാഗവും ചെയ്യാത്തവരാണെങ്കിലും മറ്റു പലരും നമുക്ക് വേണ്ടി നിരവധി ത്യാഗങ്ങൾ ചെയ്യുകതന്നെ ചെയ്യും. കാരണം അവരാരും നമ്മിലെ നന്മ നോക്കി മാത്രമോ, നമ്മിൽ നിന്നു എന്തെങ്കിലും ഒക്കെ നന്മ പ്രതീക്ഷിച്ചോ അല്ല നമുക്ക് വേണ്ടി ത്യാഗം അനുഷ്ഠിക്കുന്നത്. അവർ നമുക്ക് വേണ്ടി ത്യാഗം സഹിക്കുന്നുണ്ടെങ്കിൽ അതിന്റെ കാരണം അവരിലെ നന്മ മാത്രമാണ്. എലിസബത്ത് രാജ്ഞിയുടെ രാജസദസ്സിലെ കവിയും സാഹിത്യകാരനും ആയിരുന്നു സർ ഫിലിപ് സിഡ്നി. ഒരിക്കൽ സ്പെയിനുമായി യുദ്ധം ചെയ്യുന്നതിനു വേണ്ടി നെതർലൻഡിൽ അദ്ദേഹം എത്തി. ആ യുദ്ധത്തിൽ അദ്ദേഹത്തിനു വെടിയേറ്റു. യുദ്ധത്തിന്റെ 26-ാം ദിവസം 31-ാം വയസ്സിൽ അദ്ദേഹം ഈ ലോകത്തോട് വിട പറഞ്ഞു. ഈ ഒരു സംഭവം ഇവിടെ എഴുതുവാൻ കാരണം. നന്മ ചെയ്യ്കയിൽ നാം മടുത്ത് പോകരുത് എന്ന വേദപുസ്തക വചനത്തിന്റെ അടിസ്ഥാനത്തിൽ ആണ്. കവിയും സാഹിത്യകാരനും എന്ന നിലയിൽ സിഡ്നി അറിയപ്പെട്ടു എങ്കിലും ഈ യുദ്ധരംഗത്ത് അദ്ദേഹം നൽകിയ ഒരു മാതൃകയാണ് അദ്ദേഹത്തെ പിന്നീട് അനശ്വരനാക്കിയത്. യുദ്ധത്തിൽ മുറിവേറ്റ് അവശനായി അദ്ദേഹം കിടക്കുമ്പോൾ വല്ലാതെ ദാഹിച്ചുവലഞ്ഞു. അപ്പോൾ ആരോ ഒരാൾ അദ്ദേഹത്തിനു ആവശ്യമായ ദാഹജലം നൽകി. അദ്ദേഹം ആ വെള്ളം കുടിക്കുവാൻ തുടങ്ങുമ്പോൾ അടുത്ത് മുറിവേറ്റു കിടന്നിരുന്ന ഒരു സഹഭടൻ അൽപ്പം വെള്ളത്തിനു വേണ്ടി യാചിച്ചു. ഉടനെ തന്നെ താൻ ആ വെള്ളം കുടിക്കാതെ തന്റെ അടുത്തുകിടന്ന ആ ജവാനു വെള്ളം

കൊടുത്തുകൊണ്ട് പറഞ്ഞു, "കൂട്ടുകാരാ ഈ വെള്ളം കുടിച്ചു കൊള്ളൂ. കാരണം, നിന്റെ ആവശ്യമാണ് എന്റേതിനേക്കാൾ വലുത്." സിഡ്നി യുദ്ധത്തിൽ മുറിവേറ്റ് കിടക്കുമ്പോൾ തനിക്ക് ലഭിച്ച ആ ദാഹജലം കുടിച്ചിരുന്നു എങ്കിൽ ആരും അദ്ദേഹത്തെ ഒരിക്കലും കുറ്റം പറയുകയില്ലായിരുന്നു. എന്നാൽ തന്നെ പോലെ തന്നെ മുറിവേറ്റ് യുദ്ധമുഖത്ത് അവശനായി കിടന്നിരുന്ന തന്റെ കൂട്ടു ജവാനു ദാഹജലം ആവശ്യമാണെന്നു കണ്ടപ്പോൾ അദ്ദേഹം അത് നൽകുകയാണ് ചെയ്തത്. ഈ ത്യാഗപ്രവർത്തി ഇന്നും എല്ലാവരാലും ആദരിക്കപ്പെടുന്നു.

മറ്റുള്ളവർക്ക് വേണ്ടി, സ്വയം മറക്കുവാൻ, അവർക്ക് വേണ്ടി ത്യാഗം അനുഷ്ഠിക്കുവാൻ നമുക്ക് കഴിയാറുണ്ടോ? സേവനത്തിന്റെ വർഷം ആയി നാം കൊണ്ടാടുമ്പോൾ ആവശ്യത്തിലിരിക്കുന്ന തന്റെ സ്നേഹിതനു വേണ്ടി, കുടുംബത്തിനു വേണ്ടി, സമൂഹത്തിനു വേണ്ടി എന്തെങ്കിലും ഒക്കെ ഒരു ചെറിയ കനിവിന്റെ കരം നീട്ടുവാൻ നാമും തയ്യാറാവണം. ഒന്നും പ്രതീക്ഷിച്ചു കൊണ്ടല്ല, പ്രതിഫലം ലേശം പോലും ഇച്ഛിക്കാതെ തന്നെ ആയിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുക. മറ്റുള്ളവർക്ക് വേണ്ടി ത്യാഗം അനുഷ്ഠിക്കുന്ന ധാരാളം ആളുകൾ നമുക്ക് ചുറ്റിലും ഉണ്ട്. അങ്ങനെയുള്ളവർ ഉള്ളത് കൊണ്ടാണ് നമ്മുടെ ഒക്കെ ജീവിതം ഇത്രയൊക്കെ ഭംഗിയായി മുന്നോട്ടു പോകുന്നത് എന്ന കാര്യവും നാം മറക്കേണ്ട.

സഹായം ആവശ്യപ്പെടുമ്പോൾ അത് കണ്ടില്ലെന്നു നടിക്കരുത്. കാരണം നമുക്കും നാളെ ഇങ്ങനെ ഒരു അവസ്ഥ ഉണ്ടാവും. നമ്മുടെ ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിൽ മറ്റു പലരും നമുക്ക് വേണ്ടി ധാരാളം ത്യാഗങ്ങൾ സഹിക്കുന്നില്ലേ??? അപ്പോൾ എന്ത് കൊണ്ട് നമുക്കും ആത്മാർത്ഥമായി നന്മ ചെയ്യുവാൻ മുന്നിട്ടിറങ്ങിക്കൂടാ. നമ്മുടെ എല്ലാവരുടേയും ജീവിതത്തിൽ പലപ്പോഴും ഒരോരോ ദുഃഖങ്ങൾ കടന്നുവരാറുണ്ട്. എന്നാൽ നാം ദുഃഖങ്ങൾ സഹിക്കുമ്പോഴും മറ്റുള്ളവരുടെ ദുഃഖങ്ങളെക്കുറിച്ച് നാം എപ്പൊഴെങ്കിലും ചിന്തിക്കാറുണ്ടോ?? നമ്മുടെ ശ്രദ്ധയും എല്ലായ്പ്പോഴും തന്നെ നമ്മുടെ തന്നെ ദുഃഖങ്ങളിലല്ലേ?? അതുകൊണ്ടാണല്ലോ മറ്റുള്ളവരുടെ ദുഃഖങ്ങളിൽ നാം അവരെ സഹായിക്കാൻ തയ്യാറാകാത്തത്.

**തക്ക സമയത്ത് അവശ്യത്തിൽ ഇരിക്കുന്നവരുടെ അടുത്തേക്ക് ഓടിയെത്താം**

ഈ മരുഭൂമിയിൽ ദൈവം നമുക്ക് തന്നിരിക്കുന്ന അനേക പച്ചപ്പിന്റെ അനുഭവങ്ങൾ ഉണ്ട്. ഈ മരുഭൂമിയിൽ തണുത്ത ഒരു നീരുറവ ആയിത്തീരുവാൻ, ആ നീരുറവ എവിടെ ഒക്കെ ഒഴുകി ചെല്ലുന്നുവോ അവിടെയെല്ലാം ഒരു നനവിന്റെ അനുഭവവും, ഒരു പച്ചപ്പിന്റെ അനുഭവവും ആയിത്തീരുവാൻ ദൈവം നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ. അനേകരിലേക്ക് സഹായഹസ്തങ്ങൾ നീട്ടാം. ആവശ്യത്തിലിരിക്കുന്നവർക്ക് തക്ക സമയത്ത് അവരുടെ അടുത്തേയ്ക്ക് ഓടിയെത്താം. അപ്പോൾ ഈ സഹായത്തിന്റെ വർഷം നന്മയുടെ വർഷം കൂടി ആയിത്തീരും. പ്രാർത്ഥനയോടെ നമുക്ക് മുന്നോട്ട് പോകാം. ദൈവം ധാരാളമായി എല്ലാവരെയും അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു, ആശംസിക്കുന്നു.

# മിഷൻ റിപ്പോർട്ട്

(ഷാർജ യുവജനപ്രസ്ഥാനം തോട്ടപ്രദേശ മിഷനിൽ സ്പോൺസർ ചെയ്യുന്ന മിഷനറിയുടെ റിപ്പോർട്ട്)

ദൈവ നാമത്തിന് മഹത്വമുണ്ടാകട്ടെ.



എന്റെ പേര് ജെറിൻ ജേക്കബ്. ഞാൻ തോട്ടപ്രദേശ മിഷനിലെ പനയ്ക്കച്ചിറ, കൊമ്പുകുത്തി സഭകളുടെ ശുശ്രൂഷ ചെയ്ത് വരുന്നു. കഴിഞ്ഞ രണ്ട് വർഷങ്ങളായി പുതിയ സ്ഥലങ്ങളിലേക്ക് മിഷൻ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുവാൻ സാധിച്ചു. കുറ്റിക്കയം, ചകിരിമേട്, മതമ്പ, ചെന്നാപ്പാറ എന്നീ സ്ഥലങ്ങളിൽ തുടർച്ചയായ സന്ദശനത്താൽ, നമ്മുടെ പ്രാർത്ഥനകളിലും പ്രവർത്തനങ്ങളിലും അവരിൽ നിന്നും ലഭിക്കുന്ന പ്രതികരണം വളരെ അത്ഭുതകരമാണ്.

മുണ്ടക്കയം നഗരത്തിൽ നിന്നും കോരുത്തോട് റൂട്ടിൽ കുറ്റിക്കയം എന്ന പ്രദേശം ആദിവാസി മേഖലയാണ്. വനപാലകരുടെ സഹായത്താൽ ഉൾവനങ്ങളിൽ പ്രവേശിക്കുകയും, വിദ്യാലയങ്ങളിൽ പോകാത്ത അവിടെയുള്ള കുഞ്ഞുങ്ങളെ കാണുകയും അക്ഷരം മുതലുള്ള വിദ്യാഭ്യാസം പകർന്ന് കൊടുക്കുകയും ചെയ്ത് വരുന്നു. 42 കുട്ടികളോളം ഇതിൽ പങ്കെടുക്കുന്നു. ഇവർക്ക് വി. ബി. എസ്. ഗാനങ്ങൾ, ബൈബിൾ കഥകൾ എന്നിവ പഠിപ്പിക്കുന്നു. ഒപ്പം മോറൽ ക്ലാസുകളും ട്യൂഷനും നൽകി വരുന്നു. ഇതേ പ്രവർത്തനം തന്നെയാണ് ചകിരിമേട് ആദിവാസി മേഖലകളിലും നടത്തി വരുന്നത്.

എന്നാൽ മതമ്പ, ചെന്നാപ്പാറ പ്രദേശങ്ങളുടെ സ്ഥിതി വ്യത്യാസമാണ്. കടന്നു ചെല്ലുവാൻ വേണ്ടി ഗതാഗത സൗകര്യം തീർത്തും ഇല്ലാത്ത സ്ഥലമാണ്. അവിടത്തെ ജനങ്ങളുടെ പ്രത്യേകത ആനുകൂല്യങ്ങൾക്കായി മതം മാറിയ നൂറോളം കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്നത് കമ്പനി ലയങ്ങളിലാണ്. അവിടേയ്ക്ക് കടന്നു ചെല്ലുവാൻ യാത്ര ദുർഘടവും ചെലവേറിയതും ആണ്. തുടർച്ചയായ സന്ദർശനം നടത്തിയില്ലെങ്കിൽ തിരിച്ച് പഴയ സ്ഥിതിയിലേക്ക് പോകുന്ന ജനങ്ങൾ ആണ് ഇവിടെ ഉള്ളത്. അതുകൊണ്ട് തന്നെ ഇപ്പോൾ ഒരു വർഷമായി കൃത്യമായി മിഷൻ പ്രവർത്തനങ്ങൾ നടക്കുന്നു. ഇത്രയും നാൾ കരുതിയ നിങ്ങളുടെ കരങ്ങൾക്കും പ്രാർത്ഥനകൾക്കും നന്ദി. തുടർന്നും നിങ്ങളുടെ പ്രാർത്ഥനയും സ്നേഹവും പ്രതീക്ഷിച്ചു കൊണ്ട്.

ജെറിൻ ജേക്കബ്
തോട്ടപ്രദേശ മിഷൻ

# അറിവും ജ്ഞാനവും

സോണിയ ഡെറിക്ക്, സി. എസ്. ഐ. പാരിഷ്, ഷാർജ
(സീനിയർ വിഭാഗം കവിതാ രചന മത്സരത്തിൽ സമ്മാനാർഹമായ കവിത)

അറിവിന്റെ പടവുകൾ ഏറി ഏറി
അതിരില്ലാതേറുന്ന മർത്യരിന്ന്
അഖിലത്തിനുമുടയോനെ മറന്നവല്ലോ
അഖിലവും കാൽക്കീഴെന്നഹങ്കരിപ്പൂ



കീഴടക്കാനിനി ഭൂമിയില്ല
കാൽക്കീഴിലാക്കുന്നു ചന്ദ്രനേയും
കുതിച്ചുയരുമീ ചന്ദ്രയാനും
കുതിപ്പിന്റെ ശാസ്ത്രമേഘലകൾ


ഈ ഓട്ടത്തിമിർപ്പിനിടയിൽ
ഈ സമൂഹത്തിനു നഷ്ടമായോ
ഇന്നിന്റെ പശിയുമായി മുന്നിലെത്തും
ഈ സഹജനെ കാണുവാൻ കാഴ്ചയല്പം

സമസൃഷ്ടങ്ങളെ മതിച്ചിടാതെ
സർവ്വം സ്വയമെന്നും സ്വയത്തിനെന്നും
സ്ഥാപിച്ചിടും തന്റെ അജ്ഞതയിൽ
സമസ്യയായ് തീരുന്ന ജീവിതങ്ങൾ

അറിവെന്നാൽ ജ്ഞാനമല്ലെന്നും
അറിവേറിയാൽ ജ്ഞാനമേറില്ലെന്നും
അറിയാത്ത ജന്മങ്ങൾ നമ്മൾ
അജ്ഞരായുഴറുന്ന ഈ ജീവിതേ

അറിവിന്റെ സുവിശേഷമരുളിടുന്ന
അറിവിനെ ജ്ഞാനമായ് ഏകിടുന്നോൻ
അലിവേറും നാഥനാം യേശുവെന്ന്
അവനിൽ ഞാൻ അർപ്പിപ്പൂ എന്നെ മുറ്റും

**Interview**



# വറുഗ്ഗീസ് മാത്യൂ അച്ചനുമായി അല്പസമയം

### തയ്യാറാക്കിയത്: അതുൽ ജോ ബാബു, ആഷക്ക് ജോൺസ് മാത്യൂ, അലൻ ലോറൻസ്

കഴിഞ്ഞ മൂന്ന് വർഷമായി ഷാർജ ഇടവക വികാരിയും, യുവജനപ്രസ്ഥാനത്തിന്റെ പ്രസിഡന്റും ആയി സജീവ ശുശ്രൂഷയിൽ ആയിരിക്കുന്ന വറുഗ്ഗീസ് മാത്യൂ അച്ചനുമായി യുവജനപ്രസ്ഥാനാംഗങ്ങൾ നടത്തിയ അഭിമുഖത്തിന്റെ സംക്ഷിപ്ത രൂപം.

*** അച്ചന്റെ കുടുംബ പശ്ചാത്തലം**

പത്തനംതിട്ടയിലെ കടമ്മനിട്ടയാണ് എന്റെ സ്വദേശം. നെടുംചേരി എന്ന സ്ഥലത്ത് 12 കുടുംബങ്ങളുള്ള സഭയാണ് എന്റെ മാതൃ സഭ. എന്റെ പിതാവ് ശ്രീ. എം. ജി. മാത്യൂ. എന്റെ മാതാവ് പരേതയായ അന്നമ്മ.

ഞങ്ങളുടെ വിവാഹം 2004 ജൂലൈ 24 ന് നടന്നു. കൊച്ചമ്മ മേരി സുസൻ വർഗ്ഗീസ്, കൊട്ടാരക്കര സ്വദേശി ആണ്. ദൈവം ഞങ്ങൾക്ക് മൂന്ന് മക്കളെ (അന്ന, അമിത, ആഷിഷ്) ദാനമായി നൽകി.

*** അച്ചന്റെ വിദ്യാഭ്യാസ കാലഘട്ടവും, വൈദീക വിദ്യാഭ്യാസവും എങ്ങനെ ആയിരുന്നു?**

കടമ്മനിട്ട ഗവണ്മെന്റ് സ്കൂളിലാണ് 9–ാം ക്ലാസ്സ് വരെ പഠിച്ചത്. പത്താം ക്ലാസ്സ് നെല്ലിക്കാല കാരംവേലി സ്കൂളിൽ പൂർത്തിയാക്കി. പ്രീഡിഗ്രി പഠനം പത്തനംതിട്ട കോപ്പറേറ്റീവ് കോളേജിലായിരുന്നു. പത്തനംതിട്ടയിലെ ട്രിനിറ്റി കോളേജിലാണ് ഡിഗ്രി (English Literature) പൂർത്തിയാക്കിയത്. പിന്നീട് പി. ജി. ഡി. സി. എ. യും ചെയ്തു.

2001 ൽ ബി. ഡി. യ്ക്ക് സെലക്ഷൻ കിട്ടി. 2002 ൽ ചെന്നൈയിലുള്ള ഗുരുകുൽ ലൂതറൻ തിയോളജിക്കൽ സെമിനാരിയിൽ ചേർന്നു. 2006 ൽ വൈദീക വിദ്യാഭ്യസം പൂർത്തിയാക്കി.

*** ചെറുപ്പത്തിൽ അച്ചന് സഭയുമായും, യുവജനപ്രസ്ഥാനവുമായുള്ള ബന്ധം എങ്ങനെ ആയിരുന്നു?**

മുൻപ് സൂചിപ്പിച്ചതുപോലെ വളരെ ചെറിയ ഒരു സഭയിലായിരുന്നു ഞാൻ വളർന്ന് വന്നത്. ആരാധനയിലും സണ്ടേസ്കൂളിലും സജീവമായി ഭാഗഭാക്കായിരുന്നു. വെട്ടിപ്പുറം നെല്ലിമൂട്ടിൽ പരേതനായ ജോർജ് മാത്യൂ സാർ ഞങ്ങളുടെ പള്ളിയിൽ സഭാ ശുശ്രൂഷകനായി വരുകയും ഞങ്ങളുടെ പള്ളിയിൽ യുവജനപ്രസ്ഥാന യൂണിറ്റ് ആരംഭിക്കുകയും ചെയ്തു. അതിൽ

സജീവമായി പ്രവർത്തിക്കാൻ ദൈവം സഹായിച്ചു. 1992 മുതൽ ഇലന്തൂർ ജില്ലാ യുവജനപ്രസ്ഥാനത്തിന്റെ സെക്രട്ടറിയായും പിന്നീട് ഓർഗ്ഗനൈസറും ആയി പ്രവർത്തിക്കുവാൻ ദൈവം ഇടയാക്കി.

*** സഭയുടെ ഭരണ നിർവഹണത്തിൽ ഉണ്ടാകുന്ന വെല്ലുവിളികളെ എങ്ങനെയാണ് നേരിടുന്നത്?**
പ്രാർത്ഥനയോടെ കാര്യങ്ങളെ സമീപിക്കണം, അതുമാത്രമാണ് ഏക ആശ്രയം. എല്ലാവരേയും പൂർണ്ണമായി കേൾക്കാനും പൂർണ്ണമായി മനസ്സിലാക്കി പ്രവർത്തിക്കാനും ശ്രമിക്കണം.

*** പൗരോഹിത്യ ശുശ്രൂഷയിലേക്ക് വരാനുണ്ടായ സാഹചര്യം?**
എന്റെ പഠന സമയത്ത് ഒരിക്കൽ അഭിവന്ദ്യ Rt. Rev. Dr. സാം മാത്യു തിരുമേനി പള്ളിയിൽ വന്ന സമയത്ത്, സഭയ്ക്ക് പട്ടക്കാരുടെ കുറവ് ഉണ്ടെന്നും താൽപര്യം ഉള്ളവർ ഈ ശുശ്രൂഷയിലേയ്ക്ക് കടന്ന് വരണം എന്നും ആഹ്വാനം ചെയ്തു. ഇത് ഏറ്റെടുത്തുകൊണ്ട് മാതാപിതാക്കളുടെ അനുവാദത്തോടെ ശുശ്രൂഷാ ജീവിതത്തിലേയ്ക്ക് ഇറങ്ങിത്തിരിച്ചു.

*** ശുശ്രൂഷാ ജീവിതത്തിലെ ഏറ്റവും സന്തോഷകരമായ അനുഭവം?**
ശുശ്രൂഷയിൽ സന്തോഷമെന്നോ ദുഖ:മെന്നോ ഒന്നില്ല. ശുശ്രൂഷ നിർവ്വഹിക്കാനായി നിയോഗിക്കപ്പെട്ട ഞാൻ പ്രവർത്തിച്ചത് കൊണ്ട്, സന്തോഷിക്കാനോ, ഉദ്ദേശിച്ച ഫലം കിട്ടാത്തത് കൊണ്ട് നിരാശപ്പെടാനോ പാടില്ല. ചെയ്ത പ്രവർത്തനങ്ങളിൽ സംതൃപ്തി കണ്ടെത്തുക.

*** ദൈവീക ശുശ്രൂഷയുടെ ആരംഭത്തെ കുറിച്ചും, ഇതുവരെയുള്ള ശുശ്രൂഷാ ജീവിത്തെപ്പറ്റിയും പറയാമോ?**
2000 ത്തിൽ ആണ് എന്റെ ശുശ്രൂഷാ ജീവിതത്തിന്റെ ആരംഭം. ഒരു ഉപദേശിയായി തോലശ്ശേരി പള്ളിയിൽ പരേതനായ Very Rev. എം. ഇ. ജോൺ അച്ചനോടൊപ്പം ആയിരുന്നു. അതിന് വഴി ഒരുക്കിയത് റവ. സജി കെ. സാം അച്ചനായിരുന്നു. ഞങ്ങളുടെ സഭാ ശുശ്രൂഷകരായിരുന്ന ശ്രീ. കെ. ജി. സാമുവേൽ, പരേതനായ റവ. പി. ഇ. സാമുവേൽ അച്ചൻ എന്നിവരും ഈ പാതയിലേക്ക് എന്നെ നയിച്ചവരാണ്. 2001 ൽ ബി. ഡി. യ്ക്ക് സെലക്ഷൻ ലഭിച്ചപ്പോൾ കോട്ടയം ജില്ലയിൽ മഞ്ചാടിക്കരി എന്ന സഭയിൽ ഏകദേശം 8 മാസക്കാലം പ്രവർത്തിച്ചു.

പൗരോഹിത്യ ശുശ്രൂഷയുടെ ആരംഭം 2006 ൽ കുമ്പളാംപൊയ്ക ജില്ലയിലെ നീരേറ്റുകാവ് എന്ന സഭയിൽ ആയിരുന്നു. അവിടെ നാല് വർഷം ശുശ്രൂഷ ചെയ്തു. ഒരു വർഷം ഡീക്കൻ ആയും മൂന്ന് വർഷം പ്രെസ്ബിറ്റർ ആയും പ്രവർത്തിച്ചു. അതിനുശേഷം കോട്ടയം കഞ്ഞിക്കുഴി അസൻഷൻ ചർച്ചിൽ അഭിവന്ദ്യ തോമസ് കെ. ഉമ്മൻ തിരുമേനിയുടെ (ബിഷപ്പ് ആകുന്നതിന് മുൻപ്) അസിസ്റ്റന്റ് ആയി ശുശ്രൂഷ ചെയ്തു. അതിനുശേഷം തിടനാട്, താഴത്തുമൺ എന്നീ സഭകളിൽ ശുശ്രൂഷ ചെയ്തു. തുടർന്ന് ഷാർജ ഇടവകയുടെ ശുശ്രൂഷകനായി നിയോഗിക്കപ്പെട്ടു. ഇവിടെ ഇപ്പോൾ മൂന്ന് വർഷം പൂർത്തിയായായി.

*** സഭാ ജനങ്ങളിലെ ആത്മീയതയെക്കുറിച്ച്?**
പൊതുവെ പറഞ്ഞാൽ നമ്മെക്കാൾ ഉയർന്ന തലത്തിൽ മറ്റുള്ളവരെ കാണുവാനുള്ള മാനസ്സീകമായ നമ്മുടെ തയ്യാറെടുപ്പാണ് ആത്മീയത. തന്മൂലം നാം ദൈവാലയത്തിലേക്ക് പോകുന്നു. അവിടെ ഒരു താദാത്മ്യപ്പെടലാണ് നടക്കുന്നത്. പ്രവാസ ഭൂമിയിൽ ജീവിക്കുന്ന നമ്മെ സംബന്ധിച്ച് ആത്മീയതയുടെ തലം ഇവിടെ നമുക്ക് ഉറപ്പിക്കാം എന്നാണ് എന്റെ ചിന്ത. നമ്മുടെ സഭയെ സംബന്ധിച്ച്, ഈ താദാത്മ്യപ്പെടൽ കൊണ്ടാണ് അനേകർക്ക് കൈത്താങ്ങാകുവാൻ നമുക്ക് സാധിക്കുന്നത്. ആത്മീയതയുടെ പ്രായോഗിക വശം ഇവിടെ നിർവ്വഹിക്കപ്പെടുന്നു. അതോട് ഒപ്പം തന്നെ ഒരു വ്യക്തിയുടെ സമഗ്രമായ വികസനവും അത് അർത്ഥമാക്കുന്നു. ഇവ രണ്ടും കൂടെ ചേർന്ന സന്തുലിതമായ ജീവിത സമീപനമാണ് നാം വച്ച് പുലർത്തേണ്ടത്.

*** ആത്മീയ ജീവിതത്തിൽ അച്ചന്റെ റോൾ മോഡൽ ആരാണ്?**
എന്റെ മാതാപിതാക്കൾ ആണ് എന്റെ റോൾ മോഡൽ. ആത്മീയ ജീവിതത്തിൽ മാത്രമല്ല എന്റെ വ്യക്തി ജീവിതത്തിലും മാതാപിതാക്കൾ തന്നെയാണ് എന്റെ റോൾ മോഡൽ. എന്റെ ജീവിതത്തിലെ എല്ലാ മേഖലയിലും മാതാപിതാക്കളുടെ സ്വാധീനം ഉണ്ട്, ഒരുപക്ഷേ ഞാൻ ഒറ്റയ്ക്ക് വളർന്നത് കൊണ്ടാവാം.

*** നാട്ടിലെ യുവജനങ്ങളെയും വിദേശത്ത് ആയിരിക്കുന്ന യുവജനങ്ങളേയും കുറിച്ച് അച്ചന്റെ കാഴ്ചപ്പാട്?**
നാട്ടിൽ നിന്നും വന്ന്, ഇവിടെയായിരിക്കുന്നവർക്ക് എന്നും ഭാവിയെക്കുറിച്ചുള്ള ആധി ഉണ്ടാകും. നാട്ടിലുള്ളവർക്ക് അങ്ങനെ ഒരു ചിന്താഗതി ഉണ്ടെന്ന് തോന്നുന്നില്ല. ഇവിടെ ജീവിക്കുന്നവർ അവരുടെ ഇടപാടുകളിലും ബന്ധങ്ങളിലും ഒരുപാട് സുതാര്യത കാത്ത് സൂക്ഷിക്കുന്നതായി തോന്നിയിട്ടുണ്ട്. സന്തോഷമെങ്കിൽ സന്തോഷം, ദു:ഖമെങ്കിൽ ദു:ഖം, ഉള്ളത് ഉള്ളതു പോലെ പ്രകടിപ്പിക്കും. പിന്നെ നാട്ടിലെ പോലെ ആളുകൾക്ക് രാഷ്ട്രീയപരമായ ചിന്താഗതികൾ കുറവാണെന്നാണ് എന്റെ വിലയിരുത്തൽ. മറ്റുള്ളവരെ സഹായിക്കുവാനും കരുതുവാനും ഒക്കെ ഇവിടെയുള്ള ആളുകൾ ഉത്സാഹം ഉള്ളവരാണ്. കേരളത്തിന്റെ പല സ്ഥലങ്ങളിലും ആയിരുന്നവർ മുൻ പരിചയം പോലുമില്ലാത്തവർ ഇവിടെ ഈ ഒരു ആത്മീയ ബന്ധത്തിൽ, സഭാ ബന്ധത്തിൽ ഐക്യതയോടെ മുന്നോട്ട് പോകുന്നു. നലോ അഞ്ചോ പത്തോ വർഷങ്ങൾ കൊണ്ടുണ്ടായ ബന്ധങ്ങൾ. ഒരുപക്ഷേ രക്തബന്ധത്തേക്കാൾ ഊഷ്മളമായത് ഇവിടത്തെ ജീവിതത്തിൽ കണ്ടെത്താൻ കഴിയും.

*** ഷാർജയിലെ സി. എസ്. ഐ. സമൂഹത്തിന്റെ ഭാവിയെപ്പറ്റി അച്ചന് എന്താണ് പറയാനുള്ളത്?**
വേദപുസ്തകാടിസ്ഥാനത്തിലും പ്രായോഗികമായും ചിന്തിച്ചാൽ ഒരു സ്ഥലത്ത് 4 തലമുറകൾക്കാണ് ഏകദേശം സമാനതകളോടെ ജീവിക്കുവാൻ സാധിക്കുന്നത്. പ്രവാസ ഭൂമിയിലെ ജീവിതവും ഉയർച്ച താഴ്ചകളും ഈ രാജ്യത്തിന്റെ സാഹചര്യങ്ങളും ആഗോള സഹചര്യങ്ങളേയും അടിസ്ഥാനപ്പെടുത്തിയാണ് വിലയിരുത്തപ്പെടേണ്ടത്.

എന്നാൽ സഭയെ സംബന്ധിച്ച് നമ്മുടെ ആത്മീയ ജീവിതത്തിന്റേയും വ്യക്തി ബന്ധങ്ങളുടേയും എല്ലാം കൂടിച്ചേരലാണ് ദൈവ നാമത്തിൽ ഇവിടെ സംഭവിക്കുന്നത്. സഭ നമുക്ക് ആശ്വാസത്തിനും പ്രത്യാശയ്ക്കും മുഖാന്തിരമാകുമ്പോൾ സഭയുടെ ഭാവി ശോഭനമാകും എന്നാണ് എന്റെ വിലയിരുത്തൽ.

*** യുവജനപ്രസ്ഥാനത്തിന്റെ നിലവിലുള്ള പ്രവർത്തനങ്ങളെ കുറിച്ച്?**
നമ്മൾ പാരമ്പര്യമായി തുടർന്ന് വരുന്ന പ്രവത്തനങ്ങൾ തുടരുന്നു എന്നേയുള്ളു. കുറച്ച് കൂടെ നൂതനമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും വേണം. എനിക്കിങ്ങനെ പറയാൻ മാത്രമേ സാധിക്കൂ, അത് എത്രത്തോളം പ്രായോഗികമാണ് എന്നുള്ളത് ചിന്തിക്കേണ്ടതുണ്ട്. കാരണം ഇവിടെ ആയിക്കുന്ന എല്ലാവർക്കും പരിമിതികൾ ഉണ്ട്. സമയം, സാഹചര്യം, പണം ഇവയൊക്കെ വലിയ ഘടകങ്ങളാണ്.

*** അച്ചൻ ആരാധനയിൽ അപ്പം നുറുക്കൽ ശുശ്രൂഷാ സമയത്ത്, വികാരാധീനനാകുന്നത് കണ്ടിട്ടുണ്ട്. കാരണം എന്താണ്?**
ആരാധന എന്നത്, ആരാധന പുസ്തകം വെറുതെ വായിച്ച് പോകുന്നതല്ല. വാക്കുകളിലൂടെ യേശുവിന്റെ ജീവിതം അവതരിപ്പിക്കുകയാണ്. യേശു എനിക്ക് വേണ്ടി മരിച്ചു എന്ന് പറയുമ്പോൾ ഉണ്ടാകുന്ന ഒരു മാനസീക വ്യഥയാണ് അവിടെ പ്രതിഫലിക്കുന്നത് എന്നാണ് എന്റെ തോന്നൽ.

*** അച്ചന്റെ കഴ്ചപ്പാടിൽ ഷാർജ സഭയ്ക്ക് ഉണ്ടാകേണ്ട മാറ്റങ്ങൾ?**
ഷാർജ ഇടവകയ്ക്ക് സ്വന്തമായി ഒരു പള്ളി ഉണ്ടാകണം. അപ്പോൾ കൂടുതൽ വിപുലമായി പ്രവർത്തിക്കാനും ആരാധിക്കാനും സൗകര്യം ഉണ്ടാകും. ഇനിയും സഭയുടെ ഭാഗഭാക്കാകാത്ത ആളുകളുടെ ഇടയിലേക്ക് എത്തണം. അവരേയും കൂട്ടിച്ചേർത്ത് കൂടുതൽ ഐക്യതയോടെ മുന്നോട്ട് പോകണം.

സഭയുടെ ആരംഭകാലത്ത് ജനങ്ങൾ പരസ്പരം ആഴത്തിൽ അറിയുന്ന സാഹചര്യം ഉണ്ടായിരുന്നു. എന്നാൽ സഭ വിപുലപ്പെട്ടപ്പോൾ പരസ്പരം അറിയാനുള്ള സാഹചര്യം കുറഞ്ഞു. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ ഏരിയാ പ്രയറുകൾ സജ്ജീകരിക്കുവാനും ഒരു പരിധി വരെ നമുക്ക് സാധിക്കുന്നില്ല എന്നത് യാഥാർത്യമാണ്.

നമ്മുടെ എല്ലാ അംഗങ്ങളും ഏതെങ്കിലും ഒരു സംഘടനയുടെ ഭാഗമാണ്. സംഘടനാ മീറ്റിംഗുകളിൽ പങ്കാളിത്തം വർദ്ധിപ്പിക്കുവാൻ, കുറച്ച് കൂടെ ആശയ വിനിമയത്തിനുള്ള അവസരം ഉണ്ടാക്കണം എന്നാണ് എന്റെ വിലയിരുത്തൽ.

**അച്ചന്റെയും കുടുംബത്തിന്റേയും മുന്നോട്ടുള്ള ശുശ്രൂഷകളിലും ജീവിതത്തിലും ദൈവത്തിന്റെ അനുഗ്രഹങ്ങൾ കൂടുതലായി അനുഭവിക്കാനും മറ്റുള്ളവർക്ക് പകർന്ന് കൊടുക്കാനും കഴിയട്ടെ എന്ന് ആശംസിക്കുന്നു പ്രാർത്ഥിക്കുന്നു.**

അനുഭവ സാക്ഷ്യം



# എന്റെ കൊറോണ അനുഭവം

ഷാജി തോമസ്

**"സകല ഭക്തന്മാരുമായുള്ളോരേ, വന്നു കേൾപ്പിൻ; അവൻ എന്റെ പ്രാണനു വേണ്ടി ചെയ്തതു ഞാൻ വിവരിക്കാം."** സങ്കീ. 66:16

ദൈവ നാമത്തിനു മഹത്വമുണ്ടാകട്ടെ,

ചൈനയിൽ നിന്നും പുറപ്പെട്ട കൊറോണ അല്ലെങ്കിൽ കോവിഡ് 19 എന്ന മഹാരോഗം നിർഭാഗ്യവശാൽ എന്നെയും പിടികൂടി. രുചി ഇല്ലായ്മ, തലവേദന, നടുവേദന എന്നിവയാണ് എനിക്ക് ഉണ്ടായ രോഗ ലക്ഷണങ്ങൾ. ഇത് രണ്ട് മൂന്ന് ദിവസത്തോളം തുടർന്നതിനാൽ, ഓഫീസിലുള്ളവരുടെ കൂട്ടത്തിൽ എന്റെയും കൊറോണ ടെസ്റ്റ് നടത്തി. റിസൾട്ടിനായി കാത്തിരിക്കുമ്പോൾ, ഏപ്രിൽ 18–ാം തിയതി എന്റെ മൊബൈലിൽ പോസിറ്റീവ് ആണെന്ന് മെസ്സേജ് വന്നു. എന്തു ചെയ്യണമെന്ന് അറിയാതെ പകച്ചു നിന്ന നിമിഷങ്ങൾ. കൂടെ താമസിക്കുന്നവരോട് പറഞ്ഞാൽ അവർ പേടിക്കും, എന്നെ റൂമിൽ നിന്ന് പുറത്താക്കുകയും ചെയ്യും.



എന്ത് ചെയ്യണമെന്ന് അറിയാതെ ഭാരപ്പെട്ടിരിക്കുമ്പോൾ ദുബായ് ഹെൽത്ത് അതോറിറ്റിയിൽ നിന്നും 9:00 മണിക്ക് ഫോൺ വരികയും, കോറന്റൈൻ സെന്ററിലേക്ക് പോകാൻ തയ്യാറായി ഇരിക്കാനും പറഞ്ഞു. അങ്ങനെ രാത്രി 1:30 ന് അവർ വന്നു ഞങ്ങളിൽ പോസിറ്റീവ് ആയ 10 പേരെയും വാഹനത്തിൽ കയറ്റി കോറന്റൈൻ സെന്ററിലേക്ക് യാത്രയായി. എങ്ങോട്ട് ആണ് കൊണ്ടു പോകുന്നത്, എന്തായി തീരും എന്നൊന്നും ഒരു ധാരണയും ഇല്ലാതിരുന്ന നിമിഷങ്ങൾ. ഭാവി എന്തായി തീരും, അസുഖം മാറുമോ, ജോലി പോകുമോ, നാട്ടുകാരും വീട്ടുകാരും സ്വീകരിക്കുമോ തുടങ്ങി ഉത്തരമില്ലാത്ത ചോദ്യങ്ങളുടെ മണിക്കൂറുകൾ.

രാവിലെ ഏകദേശം 4 :00 മണിയോടെ ജബൽ അലി DIP യിലെ ഒരു ക്യാമ്പിൽ എത്തി. അവിടെ ആഫ്രിക്കക്കാരനായ ഒരു സെക്യൂരിറ്റി മാത്രമാണുണ്ടായിരുന്നത്. അങ്ങനെ രാവിലെ 5 മണിയോടെ, ആ ബിൽഡിങ്ങിന്റെ 4–ാമത്തെ നിലയിൽ കൊണ്ട് പോയി 4 പേർ വീതമുള്ള റൂമിൽ ആക്കി.

ഏകദേശം 520 പേർ ഉണ്ടായിരുന്ന ഞങ്ങളുടെ ക്യാമ്പിൽ സമയാ സമയം ലഭിക്കുന്ന ഭക്ഷണം കഴിക്കുക, ചൂടുവെള്ളം കുടിക്കുക, വിറ്റാമിൻ സി ഗുളിക കഴിക്കുക, ഉറങ്ങുക എന്നത് മാത്രമായിരുന്നു, ഞങ്ങളുടെ ജോലി. അനേകരുടെ പ്രാർത്ഥനയുടെ ഫലമായി, ശാരീരികമായ മറ്റ് അസ്വസ്ഥതകൾ ഒന്നും ഇല്ലായിരുന്നു. അങ്ങനെ 14 ദിവസങ്ങൾക്ക് ശേഷം നടത്തിയ ടെസ്റ്റിൽ, ദൈവ കൃപയാൽ നെഗറ്റീവ് ആണെന്ന് അറിഞ്ഞു. വീണ്ടും 7 ദിവസം കൂടെ കഴിഞ്ഞ് നടത്തിയ ടെസ്റ്റിൽ നെഗറ്റീവ് ആണെന്ന് അറിയാൻ കഴിഞ്ഞു. 27 ദിവസം കോറന്റൈനിൽ കഴിഞ്ഞു. ശാരീരിക അസ്വസ്ഥതകൾ ഇല്ലായിരുന്നെങ്കിലും, മാനസീകമായി ഒത്തിരി വിഷമിച്ചു. ചില ദിവസങ്ങളിൽ ഉറങ്ങുവാനും സാധിച്ചില്ല. അങ്ങനെ 27 ദിവസത്തെ ഒറ്റപ്പെട്ട ജീവിതത്തിനു ശേഷം മേയ് 16 ന് റൂമിൽ തിരിച്ചെത്താനും മേയ് 19 മുതൽ ജോലിയിൽ പ്രവേശിക്കാനും ദൈവ കൃപയാൽ സാധിച്ചു. അനേകർ എനിക്ക് വേണ്ടി പ്രാർത്ഥിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്തു. എല്ലവരോടുമുള്ള നന്ദി ദൈവനാമത്തിൽ അറിയിക്കുന്നു.



കൊറോണയുടെ ഭീതിയിൽ ആയിരിക്കുന്നവരോട് ഒരു വാക്ക്. ഇതിനെ പേടിക്കേണ്ട ആവശ്യമില്ല, സൂക്ഷിച്ചാൽ മാത്രം മതി. നല്ല രീതിയിൽ ഭക്ഷണം കഴിക്കുക, ധാരാളം വെള്ളം കുടിക്കുക, ടെൻഷൻ ഒഴിവാക്കുക, പ്രാർത്ഥിക്കുക. ഒരു തരത്തിലുമുള്ള പ്രയാസങ്ങളും വരാതെ ദൈവം കാത്ത് പരിപാലിക്കും.

ഈ ദിവസങ്ങളിൽ കൂടുതലായി വചനം പഠിക്കുന്നതിനും, പ്രാർത്ഥിക്കുന്നതിനും, ദൈവവുമായി അടുക്കുന്നതിനും സാധിച്ചു. ഇത്രത്തോളം നടത്തിയ ദൈവത്തിന് സകല ബഹുമാനവും, സ്തോത്രവും നന്ദിയും അർപ്പിക്കുന്നു.

ഇത്രത്തോളം ജയം തന്ന ദൈവത്തിനു സ്തോത്രം
ഇതുവരെ കരുതിയ രക്ഷകനു സ്തോത്രം
ഇനിയും കൃപ തോന്നി കരുതീടണേ
ഇനിയും നടത്തണേ തിരുഹിതം പോൽ

നിന്നതല്ല നാം ദൈവം നമ്മെ നിർത്തിയതാം
നേടിയതല്ല ദൈവം എല്ലാം തന്നതല്ലേ
നടത്തിയ വിധങ്ങൾ ഓർത്തിടുമ്പോൾ
നന്ദിയോടെ നാഥനു സ്തുതി പാടിടാം

# സേവന വർഷം

## മേരി സൂസൻ കൊച്ചമ്മ



മർക്കൊസ് 10:45 മനുഷ്യ പുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനും അനേകർക്ക് വേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും അത്രേ വന്നത്.

ലോകം മുഴുവനും ഭീതിയിലുടേയും ആശങ്കയിലൂടേയും കടന്ന് പോകുന്ന ഈ കാലയളവിൽ യേശു തന്റെ ശിഷ്യന്മാരോട് പറയുന്ന വാക്കുകൾ നമ്മെ ഉത്സാഹിപ്പിക്കേണ്ടതാണ്.

**മഹത്വത്തിന്റെ പങ്കാളിത്തം ദാസ്യത്തിൽ:**
നമുക്ക് എപ്പോൾ ഒന്നാമനാകാൻ ആഗ്രഹം ജനിക്കുന്നുവോ, അപ്പോൾ മനുഷ്യന്റെ ശ്രദ്ധ മുഴുവനും അധികാര ശ്രേണിയിലെ കണ്ണികളാകുക എന്ന ചിന്തയിൽ കേന്ദ്രീകരിക്കുന്നു. എന്നാൽ കർത്താവ് അവതരിപ്പിക്കുന്ന പുതിയ മാർഗ്ഗം താഴെ തട്ടിലുള്ളവരെ അല്ലെങ്കിൽ അടിസ്ഥാന തത്വത്തിന്റെ ബലപ്പെടുത്തലാണ്. ദാസ്യം എന്നത് അടിമത്വമല്ല. അത് ഒരു മനോഭാവ മായിരിക്കണം, സന്നദ്ധതയായിരിക്കണം, നമ്മെ തന്നെ താഴ്ത്തുവാനുള്ള ഉന്നതമായ വിശാലതയായിരിക്കണം. അങ്ങനെ അനേകം ഹൃദയങ്ങളെ സ്വാധീനിക്കുന്നതായിരിക്കണം നമ്മുടെ ജീവിതത്തിന്റെ ദർശനം.

**മഹത്വത്തിന്റെ മാനദണ്ഡം:**
മഹത്വത്തിന്റെ മാനദണ്ഡം പ്രവർത്തനത്തിൽ മാത്രം ഒതുങ്ങുന്ന ഒന്നല്ല. നമ്മുടെ മനോഭാവം കൂടെ ആയിരിക്കണം എന്ന് കർത്താവ് നമ്മെ ഓർമ്മപ്പെടുത്തുന്നു. മുൻകൂട്ടി തയ്യാറാക്കിയ തിരക്കഥയിലെ അഭിനേതാക്കളായവരെയാണ് കർത്താവ് ഇവിടെ പരാമർശിക്കുന്നത് (മർക്കോസ് 10:57). തങ്ങളുടെ തന്നെ സന്തോഷത്തിനാണ് ഇവിടെ യാക്കോബും യോഹന്നാനും പ്രാധാന്യം നൽകുന്നത്. എന്നാൽ കർത്താവ് ശുശ്രൂഷയ്ക്ക് ഒരു പുതിയ രൂപവും വ്യാഖ്യാനവും നൽകുന്നു. അതാണ് പ്രതിഫലേച്ഛ കൂടാതെയുള്ള ശുശ്രൂഷ. കർത്തവ്യ നിർവ്വഹണം എന്ന് നമുക്ക് ഇതിനെ മനസ്സിലാക്കാം.

**ശുശ്രൂഷ ജീവൻ പകരൽ:**
യേശുവിന്റെ മുൻപിൽ രണ്ട് മനോഭാവത്തോടെ നിൽക്കുന്ന ശിഷ്യന്മാരെയാണ് നാം കാണുന്നത്.
1) ആഗ്രഹം പ്രകടിപ്പിച്ചവർ:– നിന്റെ മഹത്വത്തിൽ ഞങ്ങളിൽ ഒരുത്തൻ നിന്റെ വലത്തും ഒരുത്തൻ നിന്റെ ഇടത്തും ഇരിക്കുവാൻ വരം നൽകേണം എന്ന് പറഞ്ഞ ശിഷ്യന്മാർ.
2) നിരാശരായ ശിഷ്യസമൂഹം (മർക്കോസ് 10:41):– സമൂഹത്തിൽ അസംതൃപ്തരായവരുടെ എണ്ണം വർദ്ധിച്ച് വരുന്നു. തന്മൂലം അക്രമവും

സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങളും വർദ്ധിച്ചു വരുന്നു. ഇവിടെ വിശ്വാസ സമൂഹത്തിന്റെ സ്ഥാനം എവിടെയാണ്? ലോക മനുഷ്യരെപ്പോലെ നഷ്ടപ്പെട്ട് പോവുകയാണോ? അതോ നാം ആയിരിക്കുന്ന ലോകത്തെ നേടുകയാണോ? നാം ചെയ്യേണ്ടത്. ചേരി തിരിഞ്ഞ് നശിക്കുകയല്ല. ഒന്നിച്ച് നിന്ന് നേടുകയാണ് നമുക്ക് ഈ കാലയളവിൽ അനുകരണീയം. അതിനുള്ള ഏറ്റവും നല്ല ഉപാധിയാണ് കർത്താവ് ഇവിടെ അവതരിപ്പിക്കുന്നത്.

നാം സേവനത്തിന്റെ വർഷമായി കൊണ്ടാടുന്ന ഈ കാലയളവ് പരിചിതമല്ലാത്ത ജീവിതാനുഭവങ്ങളിലൂടെ കടന്ന് പോകുന്ന ലോകത്തിന് പുതിയ മാർഗ്ഗനിർദ്ദേശം നൽകുവാൻ യേശുവിന്റെ വാക്കുകളെ നമുക്ക് ജീവിതത്തിലൂടെ അന്വർത്ഥമാക്കാം. അതിനായി ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കുമാറാകട്ടെ.

## News & Upcoming Events

1. കോവിഡ് 19 മഹാവ്യാധിയുമായി ബന്ധപ്പെട്ടുള്ള പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പള്ളികൾ അടച്ചതിനാൽ, ആരാധനകൾ ഓൺലൈനായി നടക്കുന്നു.

2. യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ സാമ്പത്തികമായി പ്രയാസപ്പെടുന്നവർക്ക് കോവിഡ് പ്രതിരോധത്തിനായി മാസ്ക്ക്, ഗ്ലൗസ്, സാനിറ്റൈസർ എന്നിവ അടങ്ങിയ കിറ്റ് വിതരണത്തിനുള്ള ക്രമീകരണം ചെയ്യുന്നു.

3. ക്രമമായ തിരുവചന പഠനത്തിനായി യു. എ. ഇ. യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ 2020 മേയ് 30–ാം തിയതി മുതൽ എല്ലാ ശനിയാഴ്ചയും രാത്രി 8:00 മുതൽ 9:00 മണി വരെ ഓൺലൈനായി നടക്കുന്നു. വിശദ വിവരങ്ങൾക്കായി യുവജനപ്രസ്ഥാന കമ്മറ്റി അംഗങ്ങളുമായി ബന്ധപ്പെടുക.

4. യു. എ. ഇ. യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ 2020 മേയ് 25–ാം തിയതി ഓൺലൈൻ പ്രാർത്ഥനാ സമ്മേളനം നടത്തി. ബാംഗ്ലൂരിൽ നിന്നും റവ. ജോസഫ് സാമുവേൽ അച്ചൻ വചന ശുശ്രൂഷക്ക് നേതൃത്വം നൽകി. നമ്മുടെ അംഗങ്ങൾ ഉൾപ്പെടെ യു. എ. ഇ. യിലെ വിവിധ യുവജനപ്രസ്ഥാനത്തിൽ നിന്നുമുള്ള യുവജനങ്ങൾ പങ്കെടുത്തു.

5. നമ്മൾ ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്ത സിൽവർ ജൂബിലി യൂത്ത് പ്രൊജക്ടായി, തെലുങ്കാനയിലെ കാട്ടറപ്പള്ളി മിഷനിലേക്ക് ബൊലേറോ വാഹനം വാങ്ങുന്നതിന് വേണ്ട ക്രമീകരണങ്ങൾ ചെയ്ത് വരുന്നു. ദൈവം അനുവദിച്ചാൽ 2020 ജൂണിൽ വാഹനം വാങ്ങി മിഷൻ പ്രവർത്തനങ്ങൾക്കായി പ്രതിഷ്ഠിക്കാൻ തയ്യാറാകുന്നു. എല്ലാവരുടേയും പ്രാർത്ഥന തുടർന്നും പ്രതീക്ഷിക്കുന്നു.

# ക്ഷമയുടെ മൂല്യം

സോണിയ ഡെറിക്ക്, സി. എസ്. ഐ. പാരിഷ്, ഷാർജ

(സീനിയർ വിഭാഗം കഥാ രചന മത്സരത്തിൽ സമ്മാനാർഹമായ കഥ)

ജോണിയും അന്നവും അവരുടെ അരുമ സന്താനങ്ങളായ അമ്മുവും അച്ചുവും; അതായിരുന്നു "കേബാർ" എന്ന സ്വർഗ്ഗലോകം. വലിയ സ്വപ്നങ്ങൾക്കായി നെട്ടോട്ടമോടാതെ ഉള്ളതിൽ സന്തോഷത്തോടെ ദൈവത്തിന് നന്ദി കരേറ്റിയും, അതിൽ നിന്നും മറ്റുള്ളവർക്കായി പങ്കുവച്ചും കുഞ്ഞുങ്ങളിലേക്ക് നല്ല മാതൃകയെ പകർന്നു, ആ മാതാപിതാക്കൾ. അപ്പച്ചനേയും അമ്മച്ചിയേയും അവരുടെ മരണം വരെ ശുശ്രൂഷിച്ചുകൊണ്ട് മാതാപിതാക്കളെ എങ്ങനെ കരുതണമെന്നും അമ്മുവും അച്ചുവും ശീലിച്ചിരുന്നു.

സ്കൂളിലേയും പള്ളിയിലേയും എല്ലാക്കാര്യത്തിലും മുൻപന്തിയിലാണ് കുഞ്ഞുങ്ങൾ. അങ്ങനെ ദിവസങ്ങൾ പോകവെ അവർക്ക് പുതിയ അയൽക്കാരെത്തി. മുംബെയിൽ നിന്നും നാട്ടിലേക്ക് പറിച്ചു നട്ട ഒരു കുടുംബം. 'കേബാർ' കുടുംബത്തിൽ നിന്നും വ്യത്യസ്തമായിരുന്നു അവരുടെ ജീവിതരീതികൾ. ആ നാട്ടിൻപുറത്തിന് ചേരാത്ത ജീവിതരീതികളും വസ്ത്രധാരണവും മറ്റും അച്ചുവിനും അമ്മുവിനും പുതുമയായിരുന്നു. എങ്കിലും അതിന്റെയൊന്നും പിന്നാലെ പോകുവാനുള്ള ശേഷിയൊന്നും അവർക്കുണ്ടായിരുന്നില്ല.

ജോണിയും അന്നവും പുതിയ അയൽക്കാർക്ക് വേണ്ടുന്ന സഹായങ്ങളൊക്കെയും ചെയ്തുപോന്നു. പുതിയ സ്ഥലം, പരിചയമില്ലാത്ത ചുറ്റുപാട്, ഇവയ്ക്കിടയിൽ ഡേവിഡിനും കുടുംബത്തിനും ജോണിയുടെ കുടുംബത്തിന്റെ സഹായങ്ങൾ വളരെ ആശ്വാസമായിരുന്നു. അച്ചുവിനേയും അമ്മുവിനേയും അപേക്ഷിച്ച് മുതിർന്ന രണ്ട് കുഞ്ഞുങ്ങളാണ് ഡേവിഡിനും ആലീസിനും, ഡാനിയും നിസയും.

ഡാനിയും നിസയും തികച്ചും നാട്ടിൻപുറത്തുകാരായ അച്ചുവിനേയും അമ്മുവിനേയും തെല്ലു പുച്ഛത്തോടെയാണ് കണ്ടിരുന്നത്. എന്നാൽ പള്ളിയിലും സ്കൂളിലുമൊക്കെ അവർക്കുണ്ടായിരുന്ന സൽപേരു അവരുടെ അസൂയ വർദ്ധിപ്പിച്ചു. ഡാനിയുടേയും നിസയുടേയും മനോഭാവം പലപ്പോഴും അച്ചുവിനേയും അമ്മുവിനേയും വേദനിപ്പിച്ചു എങ്കിലും എല്ലാം ക്ഷമിക്കുവാനും നന്മ മാത്രം പകരം ചെയ്യുവാനും ജോണിയും അന്നവും അവരെ ഉപദേശിച്ചു പോന്നു.

അങ്ങനെയിരിക്കെ ഒരു ദിവസം സ്കൂൾ വിട്ടു വരുന്ന സമയം, ഭയങ്കരമായ കാറ്റും മഴയും. വഴിയിലൊക്കെ വെള്ളം നിറഞ്ഞു. കൂടെ ഭയപ്പെടുത്തുന്ന ഇടിയും മിന്നലും. വേഗം ഇരുളും പരന്നു. അമ്മുവും അച്ചുവും നടന്നാണ്

സ്കൂളിലേയ്ക്ക് വരുന്നത്. അതുകൊണ്ടുതന്നെ കുടയുമായി അവർ കുറച്ചു സമയം കാത്ത് നിന്നു, മഴയുടെ ശമനത്തിനായി. ഈ സമയം സൈക്കിളിൽ പോയി വരുന്ന ഡാനിയും നിസയും പുച്ഛത്തോടെ അമ്മുവിനേയും അച്ചുവിനേയും നോക്കി. റയിൻ കോട്ടുമിട്ട് വേഗം വീട്ടിലേയ്ക്ക് സൈക്കിൾ ചവിട്ടി പോയി.



പത്തു മിനിറ്റ് നേരത്തെ കാത്തിരിപ്പിന് ശേഷം മഴയുടെ അല്പം ഒഴിവിൽ കുടയും നിവർത്തി അമ്മുവും അച്ചുവും വേഗം നടക്കാൻ തുടങ്ങി. മുൻപിൽ എന്തോ ശബ്ദം കേൾക്കും പോലെ, അവർ ശബ്ദം കേട്ടിടത്തേയ്ക്ക് ഓടിയെത്തി. സൈക്കിളുമായി പാടത്തേക്ക് മറിഞ്ഞ ഡാനി കൈയ്യും കാലുമടിച്ച് രക്ഷപ്പെടാൻ ശ്രമിക്കുന്നതും, ഒന്നും ചെയ്യാൻ കഴിയാതെ, സഹായത്തിന് ആരുമില്ലാതെ നിലവിളിക്കുന്ന നിസയേയും കണ്ടു കുഞ്ഞുങ്ങൾ പരിഭ്രമിച്ചു. ഇനി ഒന്നും ചിന്തിക്കുവാൻ സമയമില്ല, ഒരേ സമയം ബാഗും കുടയും കരയിൽ ഉപേക്ഷിച്ച്, അമ്മുവും അച്ചുവും നിറഞ്ഞ പാടത്തേയ്ക്ക് ചാടി. ചെറുപ്പം മുതലേ നാട്ടിലെ തോട്ടിലും ആറ്റിലും നീന്തി വളർന്ന അമ്മുവിനും അച്ചുവിനും അധികം ബുദ്ധിമുട്ടാതെ ഡാനിയെ കരയിലെത്തിക്കാനായി. അത്യാവശ്യം പ്രാഥമിക ശുശ്രൂഷകളും നൽകി.

ബോധം വീണ്ടെടുത്ത ഡാനി കണ്ണ് തുറന്ന അമ്മുവിനെയും അച്ചുവിനേയും കണ്ടതും, വിതുമ്പിപ്പോയി; "സോറി"; നിങ്ങൾ വന്നില്ലായിരുന്നെങ്കിൽ, എന്നെ സഹായിച്ചില്ലായിരുന്നെങ്കിൽ ഞാനിപ്പോൾ ജീവനോടെ ഉണ്ടാവില്ലായിരുന്നു. അമ്മുവും അച്ചുവും അവരെ ചേർത്തു പിടിച്ച് ആശ്വസിപ്പിച്ചു പറഞ്ഞു;

**"നല്ല അയൽക്കാരല്ലേ നമ്മൾ; ഇതല്ലേ നമ്മളെ യേശു പഠിപ്പിച്ചിരിക്കുന്നത്".**

## പ്രോഗ്രാമുകൾ

കോവിഡ് കാലത്തെ യുവജനപ്രസ്ഥാനത്തിന്റെ
മീറ്റിംഗുകൾ എല്ലാ വെള്ളിയാഴ്ചകളിലും വൈകുന്നേരം 6:00
മണി മുതൽ ഓൺലൈനായി zoom application നിലൂടെ ക്രമമായി
നടക്കുന്നു. ഇതിന്റെ വിശദ വിവരങ്ങൾ വാട്ട്സപ്പ് ഗ്രൂപ്പിൽ അറിയിക്കുന്നു.
മീറ്റിംഗിന്റെ വിവരങ്ങൾ ലഭിക്കാത്തവർ യുവജനപ്രസ്ഥാന
ഭാരവാഹികളുമായി ബന്ധപ്പെടേണ്ടതാണ്.

**എല്ലാ യുവജനങ്ങൾക്കും സ്വാഗതം**

**സഭാ ചരിത്രം**

# ഓൾ സെയിന്റ്സ് സി. എസ്. ഐ. ചർച്ച് പട്ടാഴി

(കൊല്ലം കൊട്ടാരക്കര മഹായിടവക)

1886 മുതൽ 2020 വരെയുള്ള ചരിത്രം

റോബർട്ട് മാത്യു

“അവൻ തുറന്നാൽ ആരും അടക്കുകയില്ല; അവൻ അടച്ചാൽ ആരും തുറക്കുകയില്ല” യെശയ്യാവ് 22:22




കേരളത്തിൽ തെക്കൻ തിരുവിതാംകൂറിന്റെ ഭാഗമായ കൊല്ലം ജില്ലയിൽ കിഴക്ക മാറി പട്ടാഴി എന്ന ചെറിയ ഗ്രാമത്തിൽ കല്ലട ആറിന്റെ തീരത്ത് സ്ഥിതി ചെയ്യുന്ന വിരലിൽ എണ്ണാവുന്ന കുടുംബങ്ങൾ മാത്രമുള്ള സഭയിലെ ഒരംഗമായതിൽ ഞാൻ ഇന്ന് അഭിമാനം കൊള്ളുന്നു. കാരണം മറ്റൊന്നുമല്ല, ദൈവ വിളിയോടു കൂടി യേശു ക്രിസ്തുവിന്റെ വയൽ പ്രദേശത്ത് സുവിശേഷം പ്രഘോഷിക്കുന്നതിലും, രാജ്യത്തിന്റെ വിവിധ ദേശങ്ങളിൽ മിഷണറിമാരായും, ഇന്ന് വിവിധ സഭകളിൽ ക്രിസ്തുവിനോടുള്ള എരിവും വാഞ്ഛയും കൈവിടാതെ ആത്മാർത്ഥതയോടും, വിശ്വസ്തതയോടും വേല ചെയ്യുന്ന ശുശ്രൂഷകരായ റവ. എസ്. സീലാസ്, റവ. ഡോ. ജോർജ് ഇ. മാത്യു, ഇവാ. ജോൺ ജി., രക്ഷാ സൈന്യം റിട്ട. കമ്മിഷണർ ഡോ. പി. യോഹന്നാൻ, ഞങ്ങളുടെ നാലാം തലമുറയിൽ നിന്നും ആത്മീയ ഗോളത്തിലേക്ക് വന്ന ഇവ. അരുൺ മോസസ്, തരുൺ റ്റി. എന്നിവരെ നന്ദിയോടെ ഓർക്കുന്നു. മിഷണറിമാരെ ആദരിക്കുകയും ബഹുമാനിക്കുകയും അതിലുപരി ക്രൈസ്തവ വിശ്വാസത്തെ തള്ളിപ്പറയാതെ മുറുകെ പിടിച്ചുകൊണ്ട് ഞങ്ങൾക്ക് നേർവഴി കാട്ടിത്തന്ന ഞങ്ങളുടെ പൂർവ്വ പിതാക്കളെ സ്മരിക്കാതെ ഈ സഭയുടേയും ജനത്തിന്റേയും ചരിത്രം എഴുതുവാൻ സാധ്യമല്ല.

### മിഷണറിമാരുടെ വരവും ജനത്തിന്റെ വീണ്ടെടുപ്പും

1805 ൽ തിരുവിതാംകൂറിൽ വിദേശ മിഷണറി റിങ്കൽ ടോബെ മൈലാടിയിൽ ആദ്യമായി വരികയും 1806 ൽ കരമനയാർ മുതൽ കല്ലടയാർ വരെയുള്ള പ്രദേശത്തു ലണ്ടൻ മിഷണറി സൊസൈറ്റി (LMS) എന്ന പേരിൽ ആരംഭിക്കുകയും ചെയ്തു. 1926 ൽ റവ. വില്യം ക്രോവേ കൊല്ലം കേന്ദ്രമാക്കി പ്രൊട്ടസ്റ്റന്റ് ആരാധനയ്ക്ക് തുടക്കം കുറിക്കുകയും ശ്രീ. ജെ. സി. തോംസണും, റവ. ജോൺ കോക്സും, റവ. വിൽകിൻസണും, റവ. സാമുവേൽ മാറ്റർ എന്നിവരും അവരുടെ പത്നിമാരും കൊല്ലം മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു. 1875 ൽ റവ. നോവൽസും, റവ. ജോൺ

കോക്സും കൊല്ലം മിഷൻ പ്രവർത്തനങ്ങൾ ജില്ലയുടെ കിഴക്കൻ മേഖലയിലേക്ക് വ്യാപിക്കുകയും ചെയ്തു. അന്ധതമസ്സിൽ കിടന്നിരുന്ന ഒരു കൂട്ടം ജന വിഭാഗത്തിന് ക്രിസ്തുവിന്റെ അത്ഭുത വെളിച്ചം വീശിക്കൊണ്ട് പട്ടാഴി എന്ന ചെറിയ ഗ്രാമത്തിൽ റവ. നോവൽസ് 1886 ൽ തന്റെ പ്രവർത്തനം ആരംഭിച്ചു.

മിഷൻ രേഖയിൽ പട്ടാഴി എന്ന സ്ഥലം കൊല്ലത്ത് നിന്നും 28 മൈൽ അകലെ കല്ലട ആറിന്റെ തീരമായ ജില്ലയുടെ വടക്ക് കിഴക്കൻ മേഖല എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് കാണാം. ഇവിടെ ചെറിയ പ്രാർത്ഥന കൂട്ടായ്മ ആരംഭിക്കുകയും ഇടത്തുണ്ടിൽ വീട്ടിൽ ശ്രീ. കണ്ണൻ, ചാമവിളയിൽ ശ്രീ. ഗോവിന്ദൻ, മുളക് വിളയിൽ ശ്രീ. കാളിയൻ എന്നിവർ ആദ്യമായി വിശ്വാസത്തിലേക്ക് കടന്നു വന്നു. (യെശയ്യാവ് 6:10) ഉന്നതരും, പ്രമാണികളും, ബുദ്ധിമാന്മാരും ജ്ഞാനികളും, പണ്ഡിതരും, പണക്കാരും കൊടികുത്തി വാണ നാട്ടിൽ ആ ജനം കണ്ണ് കൊണ്ട് കാണുകയോ, ചെവി കൊണ്ട് കേൾക്കുകയോ, ഹൃദയം കൊണ്ട് ഗ്രഹിക്കയോ, മനം തിരിയുകയോ ചെയ്യാതെ അവരുടെ ഹൃദയം തടിപ്പിച്ചു ചെവി മന്ദമാക്കി കണ്ണുകൾ അടച്ചു കളഞ്ഞപ്പോൾ അടിമത്വത്തിന്റെ ചങ്ങലക്കുള്ളിൽ സ്വാതന്ത്ര്യം നഷ്ടപ്പെട്ടു ഇരുട്ടിന്റെ കുണ്ടറയിൽ കഴിഞ്ഞവർ ജീവന്റെ വെളിച്ചം കാണുകയും, ജീവന്റെ വചനം കേൾക്കുകയും ചെയ്തപ്പോൾ, ദൈവം സുവിശേഷത്തിന്റെ താക്കോൽ കൊടുത്തു, ഈ ജനത്തെ ഭാഗ്യമുള്ളതാക്കി തീർത്തു (മത്തായി 13:16). ആ കാലത്ത് ഗ്രാമത്തിലെ വസ്തുക്കൾ മുഴുവനും മഹാരാജാവ് പട്ടാഴി ദേവിക്ക് സമർപ്പിച്ചതായിരുന്നു. ആ കാരണത്താൽ അവിടെ ഒരു ക്രൈസ്തവ ദേവാലയം പണിയുക സാദ്ധ്യമല്ലായിരുന്നു. ക്രിസ്തുവിനോടുള്ള ആഴമേറിയ വിശ്വാസവും, തീഷ്ണതയും, വാഞ്ഛയും എന്തെന്ന് കാട്ടിത്തരുന്ന തായിരുന്ന പൂർവ്വ പിതാക്കന്മാരുടെ ക്രൈസ്തവ ജീവിത ചരിത്രം.

ആ ദേശത്ത് അവർക്ക് ദൈവത്തെ ആരാധിക്കുന്നതിനു വേണ്ടി ഒരു ഇടമോ, അവകാശമോ, ആലയമോ ഇല്ലാതിരുന്ന കാരണത്താൽ ഏകദേശം 10 മൈൽ അകലെ കൊട്ടാരക്കര എന്ന സ്ഥലത്തുള്ള ആലയത്തിലേക്ക് പോകുവാൻ സന്നദ്ധരാകുകയും ചെയ്തു. എന്നാൽ ആ യാത്രകൾ വളരെയേറെ ദുർഘടമേറിയതായിരുന്നു. കാൽ നടയായി വേണം ഇത്രയും ദൂരം യാത്ര ചെയ്യേണ്ടിയിരുന്നത്. സ്ത്രീകൾക്ക് മാറ് മറയ്ക്കാൻ പോലും അവകാശം ഇല്ലാതിരുന്ന കാലത്ത്, ദൈവത്തിനു വേണ്ടി പൂർവ്വീകർ സഹിച്ച ത്യാഗത്തിന്റെ ആഴം വർണ്ണിക്കുവാൻ കഴിയുന്നതിനും അപ്പുറമായിരുന്നു. ആ നാട്ടിലെ ജന്മിമാരുടെ സമയ ദൈർഘ്യത്തിനൊത്തവണ്ണം അടിമ വേല ചെയ്യുമ്പോൾ, മുഖത്ത് സൂര്യപ്രകാശം ഏൽക്കാതിരിക്കുവാൻ വേണ്ടി അവർ കമുകിൻ പാള കൊണ്ടുള്ള തൊപ്പി ഉപയോഗിക്കുക പതിവായിരുന്നു. 6 ദിവസത്തെ കഠിനമായ അദ്ധ്വാനത്തിനു ശേഷം 7–ാം ദിവസം ആരാധനയ്ക്ക് പോവുക മാത്രമായിരുന്നു അവരുടെ മനസ്സിൽ. ദൈവ സന്നിധിയിൽ വരുമ്പോൾ ശുദ്ധവും ശുഭ്രവുമായ വെള്ള വസ്ത്രമാണ് അഭികാമ്യം എന്ന് പൂർവ്വീകർക്ക് അറിയാമായിരുന്നു. എന്നാൽ അവർക്ക് അതിന് അനുവാദമില്ലായിരുന്നു. അവർ വെള്ള വസ്ത്രം ധരിച്ചാൽ, ചെളിയും കരിയും വാരി എറിയുമായിരുന്നു. കരി പുരണ്ട വസ്ത്രത്തോടെ ആലയത്തിൽ പോയ പിതാക്കന്മാരെ മറന്നു കളയുവാൻ,

അവർ ആരാധിച്ച ദൈവം അനീതിയുള്ള ദൈവമല്ല. വെള്ള വസ്ത്രം പാള തൊപ്പിക്കള്ളിൽ ആക്കി തലയിൽ മറച്ച് വച്ചു ആലയത്തിൽ എത്തി ധരിച്ച വസ്ത്രം മാറ്റി, വെള്ള വസ്ത്രത്തോടെ ആരാധിച്ച നീണ്ട 5 വർഷങ്ങൾ.



**ആദ്യകാല ആരാധനാലയം**

മത്തായി 16:18 പാതാള ഗോപുരങ്ങൾക്ക് തകർക്കുവാൻ കഴിയാത്ത ക്രിസ്തുവാകുന്ന പാറമേൽ പൂർവ്വ പിതാക്കന്മാർ ദൈവത്തെ ആരാധിക്കുന്നതിനു വേണ്ടി ഓല മേഞ്ഞു മണ്ണു കൊണ്ട് അര ഭിത്തി കെട്ടി ചാണകം മെഴുകിയ ഒരു ആലയം പണിയുകയും ചെയ്തു. എന്നാൽ ശത്രുക്കളായ തദ്ദേശീയരായ പ്രമാണികൾ, അഗ്നിക്ക് ഇരയാക്കി നശിപ്പിച്ച് കളഞ്ഞു എങ്കിലും, യഹോവയായ ദൈവം തീ ചൂളയുടെ നടുവിൽ ഇറങ്ങി വന്നു തന്റെ ജനതയെ വീണ്ടെടുക്കുകയും തന്റെ ബലമുള്ള ചിറകിൻ മറവിൽ നിലനിർത്തുകയും ചെയ്തു. പിന്നീട് 40 വർഷത്തോളം ഈ ആലയത്തിൽ അവർ ദൈവത്തെ പാടി ആരാധിക്കുകയും ചെയ്തു. അന്ന് ഏകദേശം 125 പേർ വിശ്വാസ ജീവിതത്തിലേക്ക് കടന്ന് വരികയും 67 പേർ വിശ്വാസ സ്നാനം ഏൽക്കുകയും ചെയ്തു. ഇവിടെ ഒരു ഉപദേശിയെയോ മറ്റ് ആരെയും നിയോഗിച്ചിരുന്നില്ല. പകരം പത്രോസ് എന്ന വാദ്ധ്യാരെയാണ് നിയോഗിച്ചിരുന്നത്.

**പൂർവ്വീകരുടെ പ്രാർത്ഥനയും, മഹാ മാരിയിൽ നിന്നുള്ള വിടുതലും**

2020 ൽ ഭൂമുഖത്തുള്ള സകല ലോക രാഷ്ട്രങ്ങളും, മാനവ രാശിയും കൊറോണ (കോവിഡ് 19) എന്ന മഹാ മാരിയുടെ മുൻപിൽ തങ്ങളുടെ മരണത്തെ ഭയന്ന് ജീവനു വേണ്ടി നിലവിളിക്കുമ്പോൾ, പട്ടാഴിയിലുള്ള ഈ ചെറിയ സഭയ്ക്ക് (ഈ തലമുറയിൽ ജീവിക്കുന്ന വിശ്വാസികൾക്ക്) ലോകത്തോട് വിളിച്ചു പറയുവാൻ ഒരു വലിയ സാക്ഷ്യം ഉണ്ട്. അത് മറ്റൊന്നുമല്ല, ഈ തലമുറവരെ ഒരു മഹാമാരിക്കും (ദുർമരണങ്ങൾക്ക് പോലും) ഈ സഭയിലെ വിശ്വാസികളുടെ ജീവൻ എടുക്കുവാൻ കഴിഞ്ഞിട്ടില്ല എന്നുള്ള സത്യം. 4 തലമുറകൾക്ക് മുൻപുള്ള പൂർവ്വീകർ ആ ദേശത്തു കൂടി ഒഴുകുന്ന കല്ലടയാറിൽ കുളിച്ചു നനഞ്ഞ വസ്ത്രത്തോടെ ആലയത്തിന്റെ മുൻപിൽ നിന്ന് ദൈവത്തോട് നിലവിളിച്ച് ഒരു പ്രാർത്ഥന നേർന്നു. അന്ന് ദേശങ്ങളിൽ പടർന്ന് പിടിച്ച മഹാമാരി ഈ ദേശത്തു നിന്ന് മാറിയാൽ ഞങ്ങളുടെ ഒരു കുഞ്ഞ് ശേഷിക്കുന്ന കാലത്തോളം ഈ പ്രാർത്ഥന നടത്തിക്കോളാം എന്ന്. ഈ വർഷവും അതായത് 2020 ലും കേരളത്തിൽ ലോക്ക് ഡൗൺ തുടങ്ങുന്നതിന് തൊട്ട് മുൻപ്, ഏപ്രിൽ മാസത്തിലെ ആരംഭ ആഴ്ചയിൽ സഭയിലെ എല്ലാ ജനങ്ങളും കൂടെ ഒരുമിച്ച് നേർച്ച പ്രാർത്ഥന നടത്തുവാനും, ഇന്ന് ലോകത്ത് പടർന്ന് കൊണ്ടിരിക്കുന്ന മഹാ മാരിയാൽ വലയുന്നവർക്ക് വേണ്ടി പ്രാർത്ഥിക്കുവാനും സാധിച്ചു.

ഈ ദേശം പട്ടാഴി ദേവസ്വത്തിന്റെ അധീനതയിലും ഇവിടം നിരോധിത മേഖലയാണെന്നും ഉള്ള കാരണത്താൽ പള്ളിക്കൂടം തീയിട്ട് നശിപ്പിക്കുകയും, ആരാധനയ്ക്കും പള്ളിക്കൂടത്തിന്റേയും ആവശ്യത്തിന് ഉപയോഗിക്കുന്ന മണി എടുത്ത് കൊണ്ട് പോകുകയും ചെയ്തു. എന്നാൽ റവ. നോവൽസ് മിഷണറിയും മഹാരാജാവും തമ്മിലുള്ള ബന്ധവും പള്ളിക്കൂടത്തിന്റെ മണിയും ആയത് കൊണ്ടും പ്രമാണിമാർക്ക് അത് തിരികെ നൽകേണ്ടി വന്നു. പിൽക്കാലത്ത് തദ്ദേശീയരായ നാനാ മതസ്ഥർക്കും ഇവിടെ നിന്നും പ്രാഥമിക വിദ്യാഭ്യാസം നേടുവാനും കഴിഞ്ഞിട്ടുണ്ട്. 1960 ന ശേഷം പത്തനാപുരം താലൂക്കിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എല്ലാം സർക്കാർ ഏറ്റെടുത്തപ്പോൾ ഈ സ്കൂളും വിട്ട് കൊടുക്കേണ്ടി വന്നു. പിന്നീട് ഈ സ്കൂൾ വി. വി. എൽ. പി. എസ്. പന്തപ്ലാവ് എന്ന പേരോടു കൂടി മറ്റൊരു സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുകയും ചെയ്തു.




1891 മുതൽ പള്ളിക്കൂടമായി പ്രവർത്തിച്ച ഇടത്ത് പൂർവ്വികർ 40 വർഷം ദൈവത്തെ പാടി ആരാധിച്ചു. പിന്നീട് സി. എസ്. ഐ. രൂപീകൃതമായപ്പോൾ എൽ. എം. എസ്. സി. എസ്. ഐ. സഭയുടെ ഭാഗമായി മാറി. കത്തിയെരിഞ്ഞിട്ടും വെന്തുപോകാതെ തീച്ചൂളകളൂടെ മദ്ധ്യത്തിലൂടെ ഞങ്ങളുടെ പിതാക്കന്മാരെ നടത്തിയ ദൈവം, വരും തലമുറകൾക്ക് സ്വാതന്ത്ര്യത്തോടെ പിറന്ന നാട്ടിൽ ആരാധിക്കുവാനായി അഭിവന്ദ്യ വില്യം പോൾ വാചാലൻ തിരുമേനി, 1969 മേയ് 28 ന് പുതിയ ആലയം നിർമ്മിക്കുന്നതിനു വേണ്ടി തറക്കല്ലിടുകയും നീണ്ട 10 വർഷങ്ങൾക്ക് ശേഷം അഭിവന്ദ്യ യേശുദാസൻ തിരുമേനി പ്രതിഷ്ഠ നിർവ്വഹിച്ച് വിശ്വാസികൾകായി തുറന്ന് കൊടുക്കുകയും ചെയ്തു.

37 വർഷങ്ങൾക്ക് ശേഷം ഈ ആലയം മണി മേടയോടു കൂടെ പുതുക്കി നിർമ്മിക്കുകയും 2016 നവംബർ 26–ാം തിയതി അഭിവന്ദ്യ ധർമ്മ രാജ് റസാലം തിരുമേനി പുതുതായി നിർമ്മിച്ച ആലയവും മണിമേടയും പ്രതിഷ്ഠിച്ചു നൽകി. അഭിവന്ദ്യ സാമുവേൽ അമൃതം തിരുമേനി 1995 ൽ പാർസണേജിന് തറക്കല്ലിടുകയും 1995 ൽ പ്രതിഷ്ഠിക്കുകയും ചെയ്തു.

**അടിച്ചമർത്തലിന്റെ ക്രൂരതകൾക്ക് മുന്നിൽ തങ്ങളുടെ ജീവനെ ഗണ്യമാക്കാതെ ഈ ജനത്തെ പരിപാലിച്ച ഞങ്ങളുടെ പിതാക്കന്മാരെ ഓർത്തും, ക്രിസ്തുവിന് വേണ്ടി ജീവിച്ചു മരണത്തെ ലാഭമായി കണ്ടു ഈ ജനത്തിന്റെ ഇടയിൽ ത്യാഗം സഹിച്ച ക്രൈസ്തവ മിഷണറിമാരായ നോവൽസ് മുതൽ എല്ലാ മിഷണറിമാരേയും സ്മരിച്ചു കൊണ്ട് 'ഓൾ സെയിന്റ്സ്' എന്ന പുതിയ പേര് നൽകി. 134 ൽ പരം വർഷങ്ങൾ പാതാള ഗോപുരങ്ങൾക്ക് ജയിക്കുവാൻ കഴിയാതെ ആരുടേയും മുന്നിൽ തല കുനിക്കുവാൻ ഇടയാക്കാതെ പട്ടാഴി ദേശത്ത് ഇന്നും നില കൊള്ളുന്നു.**

# ക്രിസ്തുവിന്റെ നല്ല ഭടനായി നീയും...

**ഡോക്ടർ സ്മിത ദാനിയേൽ**
(ഗസ്റ്റ് ലക്ചറർ, മലയാള വിഭാഗം, ക്രിസ്റ്റ്യൻ കോളേജ്, കാട്ടാക്കട)



ജീവിതത്തിന്റെ അടിത്തട്ടിൽ ആഴ്ന്നു കിടക്കുന്ന സാധ്യതകളെ കണ്ടെത്തി യഥായോഗ്യം പ്രയോജനപ്പെടുത്താനുള്ളതാണ് യൗവ്വനകാലഘട്ടം; ക്രിസ്തു കാണിച്ച ക്രിയാത്മക പ്രവർത്തനങ്ങൾ വിസ്മരിച്ച്, നിഷ്ക്രിയത്വത്തിലേക്ക് നീങ്ങുന്ന യുവസമൂഹം ഉയർത്തുന്ന വെല്ലുവിളി ചെറുതല്ല. ലഭ്യമായ താലന്തുകളുടെ വ്യാപാരവും വിനിമയവും എത്രത്തോളം അർത്ഥവത്താകുന്നുണ്ട് എന്ന ചോദ്യം ഒരു ഭാഗത്ത് കേൾക്കാം. മറുവശത്ത് ക്രിസ്തുവിന്റെ നല്ല പോരാളിയായി കഷ്ടം സഹിക്കാനുള്ള പൗലോസ് അപ്പോസ്തലന്റെ ആഹ്വാനത്തിന് ലഭിക്കുന്ന സ്വീകാര്യതയും. ഏറെ പ്രസക്തമായ ഈ ചിന്തകൾ ആത്യന്തികമായി യുവജനതയിലേക്ക് സംവേദനം ചെയ്യപ്പെടേണ്ടത് എങ്ങനെയെന്ന അന്വേഷണത്തിന് സാംഗത്യം ഏറെയുണ്ട്. പ്രസക്തമായ ചില വിചിന്തനങ്ങൾ പങ്കു വയ്ക്കുകയാണിവിടെ.

**1. ദൈവേഷ്ടത്തിന് കീഴ്പ്പെടുക**

'ജീവിതത്തെ ക്രിസ്തുവിനായി സമർപ്പിക്കുക' ഇതാണ് യുവജനതയിൽ നിന്നുണ്ടാകേണ്ട ആദ്യ തീരുമാനം. കാലിത്തൊഴുത്തു മുതൽ കാൽവരി വരെ പിതാവിന്റെ ഹിതം നിറവേറ്റിയ ക്രിസ്തു തന്നെയാണ് മാതൃക. പലപ്പോഴും നമ്മുടെ ഹിതാനുസരണം കർത്താവ് പ്രവർത്തിക്കണമെന്ന് നാം ആഗ്രഹിക്കുന്നു. അതിനായി നേർച്ച കാഴ്ചകളും പ്രാർത്ഥനകളുമായി വെമ്പൽ കൊണ്ടോടുന്നു. ദൈവീക സ്വരത്തെ മറുതലിച്ച് യോനായെപ്പോലെ തർശീശിലേക്ക് കപ്പൽ കയറുന്നു. ഒന്നും അറിയാത്തവരെപോലെ ഉറക്കത്തിൽ നിപതിക്കുന്നു. ഒടുവിൽ കാറ്റിലും തിരയിലും പെട്ട് ജീവിതം പ്രതിസന്ധിയിലാകുമ്പോൾ, ഒരു അയ്യം വിളിയിലൂടെ തിരിച്ചറിവിന്റെ പാഠം പഠിക്കുന്നു; ഇനി പഠിച്ചില്ലെങ്കിലോ, ദൈവം അതിനുള്ള മുഖാന്തരങ്ങൾ ഒരുക്കുന്നു. സഹനത്തെ ഏറ്റെടുക്കാൻ, കീഴ്പ്പെടലിലേക്ക് നയിക്കപ്പെടാൻ ഗെത്ത്ശെമനയിലേക്ക് നോക്കിയാൽ മതി. "എന്റെ ഹിതമല്ലാ, തിരു ഹിതം പോലെ ആകട്ടെ" (ലൂക്കോ. 22:24) എന്ന പ്രാർത്ഥനയിൽ സകലവും അടങ്ങിയിട്ടുണ്ട്. 'അഹ'ത്തെ ഉന്മൂലനം ചെയ്താലേ, കീഴ്പ്പെടലിന്റെ അവസ്ഥ സംജാതമാകൂ. ക്രിസ്തു എന്നിൽ വളരാൻ, 'ഞാൻ' കുറയേണ്ടതുണ്ട്. സ്നാപക യോഹന്നാന്റെ അർഥപൂർണ്ണമായ പ്രാർത്ഥന ഉരുവിടാം.

**2. ദൈവശബ്ദം ശ്രവിക്കുക**

ശബ്ദമുഖരിതമായ ലോകത്തിൽ ചെവികൾ മന്ദമായിപ്പോയ യുവസമൂഹത്തിന് ഒരു 'എഫഥാ' അനുഭവമല്ലേ അനിവാര്യം? ദൈവശബ്ദ കേൾവിക്കായി തുറക്കപ്പെടേണ്ട കാതുകൾ. ദൈവീക ദൗത്യത്തിനായി സമർപ്പിക്കപ്പെട്ടവർ, തങ്ങളെ വിളിച്ചു വേർതിരിച്ച ദൈവത്തിന്റെ വാക്കുകൾക്കായി കാതോർക്കണം. ലൗകീക വിഷയ കേൾവിക്കായി ഉണർന്നിരിക്കുന്ന കാതുകൾ, വചന കേൾവിക്കായി എത്രമാത്രം ബദ്ധശ്രദ്ധമാകുന്നു? "നിങ്ങൾ ചെവി ചായ്ച്ച് എന്റെ അടുക്കൽ വരുവിൻ" എന്ന പ്രവാചക ശബ്ദം കേൾക്കണമെങ്കിൽ ധ്യാനാത്മകമായ സ്ഥിതി വിശേഷത്തിലേക്ക് മനസും ശരീരവും പാകപ്പെടണം; ഏലീ പുരോഹിതന്റേതുപോലെ... ദൈവശബ്ദം തിരിച്ചറിഞ്ഞു കഴിഞ്ഞാൽ പിന്നെ ദൈവത്തിനായി സ്വയം സമർപ്പിക്കുക; ശമുവേൽ ബാലനെപ്പോലെ കർത്താവിൽ നിന്നുള്ള പുതുകേൾവികൾ നവപ്രയാണത്തിലേക്ക് നമ്മെ സജ്ജരാക്കും. പ്രത്യേകിച്ച് ദൈവീക ശബ്ദത്തെ അനുധാവനം ചെയ്യുന്ന ശീലം യുവജനതയെ 'ശരി'യുടെ ഉത്തുംഗതിയിലേക്ക് നയിക്കുമെന്ന് നിസ്സംശയം പറയാം.

**3. ദൈവത്തിനായി പോകുക**

ദൈവശബ്ദം കേട്ട് തങ്ങളെത്തന്നെ വിധേയപ്പെടുത്തിയവരിൽ നിന്ന് ദൗത്യനിർവ്വഹണത്തിനായുള്ള ചുവടുവയ്പ്പുണ്ടാകുന്നു; യെശയ്യാവിനെപ്പോലെ "അനന്തരം ഞാൻ ആരെ അയക്കേണ്ടു, ആർ നമുക്കായി പോകും, എന്ന് ചോദിക്കുന്ന കർത്താവിന്റെ ശബ്ദം കേട്ടിട്ട്, അടിയനിതാ, അടിയനെ അയക്കേണമേ എന്നു പറഞ്ഞു" (യെശ. 6:8). മറ്റാരെയും ശ്രദ്ധിക്കാതെ, മറ്റാരെങ്കിലും മറുപടി നൽകുന്നുണ്ടോ എന്ന് സാവകാശപ്പെടാതെ, ഞാൻ അതിൽ സന്നദ്ധനാണെന്ന് ഉദ്ഘോഷിക്കുന്ന യെശയ്യാ പ്രവാചകന്റെ വാക്കുകൾ യുവജനതയ്ക്കു പ്രചോദനമാകണം. സമ്പൂർണ്ണ സമർപ്പണത്തിൽ നിന്നുയർന്ന വാക്കുകൾ അടിവരയിട്ട് ചൊല്ലണം. "അടിയനിതാ, അടിയനെ അയക്കേണമേ..."

സമയം തക്കത്തിൽ വിനിയോഗിച്ച് ഉചിതമായ തീരുമാനം കൈക്കൊണ്ടേ മതിയാകൂ... ജീവിതം ഒന്നേയുള്ളൂ; ജീവിക്കാനും പ്രവർത്തിക്കാനും സാർത്ഥകമായ ജീവിത പരിസമാപ്തി, ദൈവത്തിനായി പ്രവർത്തിക്കുന്നതിലൂടെയാണ് കരഗതമാകുന്നത്. 'ഈ ചെറിയവരിൽ ഒരുവന് ചെയ്തിടത്തോളം എല്ലാം...' എന്ന ന്യായവിധി മൊഴികൾ ഓർമ്മപ്പെടുത്തുന്നത് എന്താണ്? കർത്താവിനായി നിൽക്കാൻ, പോകാൻ യൗവ്വനകാലം പ്രയോജനപ്പെടുത്തൂ... പൂർണ്ണ ഹൃദയം, ആത്മാവ്, മനസ്സ്, ശക്തി ഇവയെല്ലാം ആർജ്ജിച്ച് കൊയ്ത്തിനായി ഒരുങ്ങിയിരിക്കുന്ന പാടത്തിലേക്ക് ഇറങ്ങാം! വേലക്കാർ ചുരുക്കമുള്ള ഇടത്തേക്ക് ഒരു കാൽവയ്പ്... കുതിപ്പ്... കാലവും കാല ഗതികളും ജീവിതത്തിന് അതിർ വരമ്പുകൾ നിശ്ചയിക്കുന്നതിനു മുൻപ്, ദൈവേഷ്ടത്താൽ, ദൈവഹിതം കേട്ട്, ദൈവത്തിനായി പോകാൻ നിശ്ചയദാർഢ്യത്തോടെ ഒരു നവ യുവജനത ഉയർത്തെഴുന്നേൽക്കട്ടെ. പ്രത്യാശയോടെ!!!

# For My Love

**Feba Liza Binu, CSI Parish Abu Dhabi**

*(Winning Article for Poem Writing Competition in Junior Category on the topic 'Nature')*

The earth was dark and dull,
No cats, dogs, buffaloes and bull,
One from the heaven spoke,
Where the light was brought.

Look! The black changed to green,
Beauty has risen to be clean,
And God put the name,
It is known as nature.



Blue sky and green plants rose,
In the up I hear the crows,
Withe their beaks pointed,
And crying, "Craw, Craw!"

How beautiful it is now,
To see the wonders around low,
To run and play and sing,
To praise and worship and adore.

The Creator, Almighty, Messiah,
I shout out to you, "Alleluia!",
You've given me the fresh smelling air,
To withstand strongly in life.

My love is made wonderful and bright,
And I can sleep peacefully at night,
By dreaming and wandering the colors,
Which are brighter than the rainbow.

The serpent was the culprit of my love,
But my God sent angels who are white as dove.
To guard the nature, my love of life,
From the strong swords of evil.

I give my glory to my Savior,
For building me the perfect barrier,
To block all the winds of Satan,
And to spread joy and peace.

Nature! No one destroys you,
Until the return of my Jesu,
With his marvelous Holy Spirit,
I will protect you safely.

I am here, God is there,
Who is going to kill you dare?
You are the fruit of the world,
And the light of my heart.

## UAE Youth Jobcell

നിലവിലെ മഹാവ്യാധിയുമായി ബന്ധപ്പെട്ട് ജോലികൾ നഷ്ടമായ യുവജനങ്ങളെ സഹായിക്കാനായി യു. എ. ഇ. യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ജോബ് സെൽ പ്രവർത്തനം ആരംഭിച്ചു. ജോലി കൊടുക്കാൻ കഴിയുന്നവരെയും ജോലി അന്വേഷിക്കുന്ന ചെറുപ്പക്കാരെയും തമ്മിൽ ബന്ധിപ്പിക്കയാണ് ഇതിന്റെ ലക്ഷ്യം.

### Job Seekers:

ജോലി അന്വേഷിക്കുന്നവർ തങ്ങളുടെ ബയോഡേറ്റയുമായി യുവജന പ്രസ്ഥാനത്തിന്റെ ഭാരവാഹികളെ ബന്ധപ്പെടുക.

### Job Providers:

തങ്ങളുടെ സ്ഥാപനങ്ങളിലോ, പരിചയത്തിലുള്ള സ്ഥാപനങ്ങളിലോ വരുന്ന ഒഴിവുകൾ നമ്മുടെ സഭയിലെ ചെറുപ്പക്കാരെ സഹായിക്കുന്നതിനു വേണ്ടി ദയവായി യുവജനപ്രസ്ഥാന ഭാരവാഹികളെ അറിയിക്കുക.

**ഷാർജ യുവജനപ്രസ്ഥാനം ഭാരവാഹികൾ:**

| | | |
|---|---|---|
| വൈസ് പ്രസിഡന്റ് | : | ഷിബു ജസ്റ്റസ് (056 9904094) |
| സെക്രട്ടറി | : | ഒബിൻ കെ. ജോസഫ് (050 1652550) |
| ജോയിന്റ് സെക്രട്ടറി | : | മജോ ദാനിയേൽ (055 7613532) |
| ട്രഷറാർ | : | സിബിൻ വർഗീസ് (056 2075526) |
| ജോയിന്റ് ട്രഷറാർ | : | എൽദോസ് അച്ചൻകുഞ്ഞ് (056 2850756) |

# THE RECIPE TO BEING HAPPY

Dona Juby, CSI Parish Dubai

*(Winning Article for Story Writing in Junior Category on the topic 'Poor and Rich')*

On a cold and frosty day, little Jeremy was walking home with his mother. On the way to his house, he saw two small girls, playing in the snow. They were dressed in rags and had no gear to keep them warm. He wondered how they can be happy and carefree. But he did not want to go and ask the little girls, as little Jeremy was a very proud boy and always believed that the rich and wealthy should not mingle with the poor kids on the streets.

As they reached home, his dog, Buddy came running to his master. Once all warm and dried, Jeremy ran to his Granny, and told about the two girls that he had seen. His Granny calmly listened and then told him, "Oh! Jeremy, didn't you know that happiness does not come from money or the toys or gifts that you have? It is the small thing, darling, that truly makes you happy and grateful." Hearing this little Jeremy was confused, because he had always thought that it is indeed money that makes a man truly happy.

This thought kept bugging his little mind that he just couldn't think of anything else but the two happy faces of the little girls.

The next day, he went to his Sunday school teacher and asked her, "why does giving make some people happy Ma'am?" She smiled at him and said, "Come here boy, let me tell you a story!"

**Who is more blessed?**
**Who will make God happier?**
**The poor woman or the selfish rich?**

She told him the story of the poor woman who had nothing but a few coins to spare, who willingly gave it all to God in his Temple. While the rich with plenty gave nothing at all. This poor woman gave God all that she had with no doubt or regards. The teacher asked, "What do you think Jeremy? Who is more blessed? Who will make God happier? The poor woman or the selfish rich? Jeremy looked up at the teacher and realized what she was trying to tell him. The teacher continued, "Our Heavenly Father, Jeremy, the one who created you and me, the one who gave all the riches that you see,

expects you to give back my boy, not to hoard up! For the biggest sacrifice anyone could ever make was already made by him, because of which we are alive. Jeremy, hearing this ran to the Bible kept on the table and read out, loud and bold, "John 3:16 For God so loved the world that he gave his only begotten son, that whoever believes in Him should not perish but have eternal life"

"Exactly!", said the teacher with a huge smile. She could see the little drops of tears falling from poor Jeremy's eyes. She happily asked him if he still thought that having money and toys and good clothes made him happy. Jeremy laughed and said, "No! But I do know something that will surely make me and my heavenly father happy!" saying this he ran outside to the spot where he had seen the two girls. But sadly he could not find them. Dejected, he built a snowman and left a note in it that said, "Thank you for teaching me true happiness. I always thought that going to the best school, having the latest toys and wearing the best clothes was supposed to make me happy. But I learned that happiness is in giving and not taking. Thank you for teaching me to be happy.

Love, A happy boy who would love to play with you both someday."

## 36–ാം പേജിൽ നിന്നുള്ള ആരോഗ്യത്തിന്റെ തുടർച്ച

നന്നായി സോപ്പും വെള്ളവും ഉപയോഗിച്ച് കഴുകുക. കണ്ണിലോ, മൂക്കിലോ, വായിലോ കൈകൾ കഴുകാതെ തൊടരുത്. പുറത്ത് പോകുമ്പോൾ സാനിറ്റൈസർ കയ്യിൽ കരുതുന്നത് നല്ലതാണ്. പുറത്തു പോയി വന്നതിന് ശേഷം ഉപയോഗിച്ച വസ്ത്രങ്ങൾ കഴുകി കുളിച്ചതിന് ശേഷം മാത്രമേ വീട്ടിലുള്ളവരോട് സമ്പർക്കത്തിൽ ഏർപ്പെടാവൂ.




വിറ്റാമിൻ സി, ഡി എന്നിവ അടങ്ങിയ പഴങ്ങൾ, പച്ചക്കറികൾ കൂടുതലായി ഉപയോഗിക്കുക. ദിവസത്തിൽ 6–8 മണിക്കൂർ നന്നായി ഉറങ്ങുക. ചൂട് വെള്ളം ധാരാളമായി കുടിക്കുക. ചൂടോട് കൂടിയ ഭക്ഷണങ്ങൾ കഴിക്കുക. പുറത്തെ ഭക്ഷണം പരമാവധി ഒഴിവാക്കുക. രോഗ പ്രതിരോധ ശക്തി കുറഞ്ഞവർ അതായത് പ്രയമായവർ, കുഞ്ഞുങ്ങൾ, ഗർഭിണികൾ, ഹൃദ്രോഗികൾ, പ്രമേഹ രോഗികൾ, ശ്വാസകോശ സംബന്ധമായ രോഗികൾ തുടങ്ങിയവർ വളരെ അധികം ശ്രദ്ധിക്കേണ്ടതാണ്.

ഭയമല്ല, കരുതലാണ് വേണ്ടത്. നമുക്ക് ഒത്ത് ചേർന്ന് നമ്മളേയും നമ്മുടെ ലോകത്തെയും രക്ഷിക്കാം. കൊറോണ വൈറസിന്റെ വ്യാപനം തടയുന്നതിൽ നമ്മൾ എല്ലാവരും ഒരുപോലെ ഉത്തരവാദികളാണ്.

# Fear of God

**Krupa Thomas, CSI Parish Dubai**

*(Winning Article for Essay Writing Competition in Junior Category)*

'The very thought of singing a solo brings chills on our knees, an attempt to play any musical instrument for a live audience makes us go crazy, the thought of having to do an elocution brings fear all over us!'

The word "fear" often engulfs us. Yet, as Christian how do you think we could tackle it?

Proverbs 9:10 says, "The fear of Lord is the beginning of all our wisdom and the knowledge of the Holy One brings righteousness. While we are so worried about the materialistic things on Earth; we often forget about Our Creator, who has created each one of us to do his will on Earth.

In fact, it is said in Exodus 14:14 'The Lord will fight for you, you need only to be still!'
Such is the promise of our God Almighty.
There is nothing in this world that could be achieved without surrendering ourselves completely to the Lord.

We must have fear of God to do his will on Earth and resist the temptations that come our way. What are the pre- requisites of 'Fear of God'?

## 1. Faith:

Faith is the one foundation of any Christian's life. Hebrews 11:1 says- 'Now faith is the assurance we have of things hoped for, conviction of things not seen. The greatest example of faith is Daniel. Even when Daniel was thrown into the lions' den, he was sure that the Lord would deliver him and he prayed. In fact, he feared God and kept himself away from the 'unclean' food that was given to him. The food is called 'unclean' as the meat used was avoided by Jews, was soaked in blood and was offered to the idols.

**If nothing in this world could satisfy you, you probably were made for another world**

## 2. Obedience:

When we know who Gos is and we have full knowledge of his power, we always try to follow his precepts and obey him. Abraham was a man, full of faith and obedience.

He obeyed God even when he was asked to sacrifice his only son Issac. He feared the Lord and obeyed him without giving it a second thought.

## 3. Love:

When we fear God, we also try to love as the Lord loved us. John 13:35 says, 'By this all men will know that you are my disciples, if you love one another.' An example of love is that of Mary Magdalene who even broke the alabastar jar and used her new perfume for Jesus.

John 3:16 says, 'For God so loved the world that he gave his one only son that whoever believes in him should not perish but have eternal life.' When we have Christ in us we remember all his commands and have full faith in our savior. We may be tempted by the evil. However, when we fear God, we definitely can resist all the temptations that surround us. The only thing we need to do is to believe in our father who has given his only son for our sins. There is a quote that says, 'If nothing in this world could satisfy you, you probably were made for another world!'

This world may never sustain us. Yet, our father in heaven knows us and the 'Fear of God' will bring us to full salvation!

## യുവജനപ്രസ്ഥാന കമ്മറ്റി 2020

| | | |
|---|---|---|
| പ്രസിഡന്റ് | : | റവ. വറുഗ്ഗീസ് മാത്യൂ |
| വൈസ് പ്രസിഡന്റ് | : | ഷിബു ജസ്റ്റസ് |
| സെക്രട്ടറി | : | ഒബിൻ കെ. ജോസഫ് |
| ജോയിന്റ് സെക്രട്ടറി | : | മജോ ദാനിയേൽ |
| ട്രഷറാർ | : | സിബിൻ വർഗ്ഗീസ് |
| ജോയിന്റ് ട്രഷറാർ | : | എൽദോസ് അച്ചൻകുഞ്ഞ് |
| അംഗങ്ങൾ | : | നീമ ലിയോ (ഇൻഫർമേഷൻ കൗണ്ടർ) |
| | : | അനുപമ സുബിൻ (പ്രോഗ്രാം കൺവീനർ) |
| | : | ഗോഡ്വിൻ റോയ് (യൂത്ത് കോറസ് കൺവീനർ) |
| | : | മനു തങ്കച്ചൻ (വെബ് സൈറ്റ് കൺവീനർ) |
| | : | ബനെനെറ്റ് യേശുദാസൻ (യൂത്ത് ടൈംസ് എഡിറ്റർ) |
| Ex. Officio | : | ലിപിൻ ഇടിക്കുള |

# Influence Of Western Culture

**Sarin Teji, CSI Parish, Abu Dhabi**

*(Winning Article for Essay Writing in Senior Category)*

"Train a child in the way of the Lord,
Such that when he grows he does not depart from it."

"Culture" may be experienced as the ways, trends or usual behavior or attitude of people characterized by demographic or geographic location. Since long the world culture has been broadly distinguished into "western" culture and "eastern" culture with a common notion that the "west" is more modern and extrovert in approach while the "East" is more traditional and introvert in nature/approach.

Today in the era of globalization and socialization (By Socialization…. reference is to social media) the barriers between The Western Culture and Eastern Culture are fast crumbling. With Eastern Culture mimicking or adopting Western Culture under the name of "modernization" and Western Culture adopting many Eastern practices under the name of "going back to the roots". This is evidenced in more and more western clothing, music and food in Eastern places including India. People gaining expertise in English & foreign languages while loosing out on their mother language/tongue. The Western Culture is following Eastern traditions as is seen in the growing practice of yoga and the like ayurvedic medicine, chants and mantras.

**Our behavior should be governed by the language of love**


As christians we cannot and must not differentiate or build walls to distinguish a Western/Eastern culture. Especially as Christians from an eastern background, we owe a lot to the West, considering the missionary work in India was primarily & majorly done by the West. It is this Western Culture that led to the translation of the Bible to our mother tongue, education of the society, abolishment of slavery, non-discrimination between castes, women empowerment, family upliftment etc. Hence Western culture has played a very positive influence in our lives. But just as every coin has two sides, there are a few negative influences too which is a result of ultra modern thinking wherein shift from family life changes, priorities changes and all these changes in turn do get adapted to some extent as many at times we tend to mimic things that are "happening" specially with the growing influence of social media without giving a thought to whether it is the

right thing or whether this is needed. Hence to curb this distinction should not be made between The West or the East but distinction should be made between good & bad. As christians & within our Christian families we must nurture attitudes which are Christlike as the Almighty created 'Man in his "image" not West/East. And after creating everything the Lord said "It is good". We must strive to raise our children in the way of the Lord. As was instructed to the Israelites to memorize the Word of the Lord day & night, to write it on doorposts etc. Our christian lives should not be restricted only to Sunday culture but to an everyday attitude. Christianity is to be testified by the way we carry ourselves and this should be the principle or Culture of Christians whether in the West or East.

Influence of Western Culture has both positive & negative sides throughout history but as Christians reflecting Christlike attitude there ideally should not be any material difference as our behavior should be governed by the language of love. As before mentioned with the growing influence of social media & the world under one roof of our cultures should be to reflect Christ.


## കാർട്ടൂൺ

റ്റിറ്റോ മാത്യു



# ജൂനിയർ വിഭാഗത്തിൽ സമ്മാനം നേടിയ പെൻസിൽ സ്കെച്ച്

(Theme: Tree House)



**റോൺ മാത്യൂ, സി. എസ്. ഐ. പാരിഷ്, ഷാർജ**

# നഷ്ടപ്പെടുന്ന സൗഹൃദങ്ങൾ

## ഷൈനി എൽദോസ്

മനുഷ്യജീവിതം പൂർണ്ണമാകുന്നത് പരസ്പര സ്നേഹത്തിന്റേയും സൗഹൃദത്തിന്റേയും ഇഴയടുപ്പത്തിലൂടെയാണ്. പ്രണയത്തിനപ്പുറം സൗഹൃദത്തിന് വലിയ പ്രാധാന്യം കൽപ്പിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു നമ്മുടെ നാട്ടിൽ. "ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട" എന്നൊരു ചൊല്ല് തന്നെ സൗഹൃദത്തിന്റെ കാഠിന്യം വിളിച്ചോതുന്നു. സൗഹൃദത്തിന് സ്വാർത്ഥതാൽപര്യങ്ങളുടെ കയ്പ്പില്ലാതെ നിഷ്കളങ്കതയുടെ മാധുര്യം ആയിരുന്നു ഉണ്ടായിരുന്നത്. കുചേല-ശ്രീകൃഷ്ണ ബന്ധം പോലെ എത്രകാലം കഴിഞ്ഞാലും സൗഹൃദത്തിന്റെ മാധുര്യം കൂടുക മാത്രമേ ഉണ്ടായിരുന്നുള്ളൂ.

കാലം മാറിയപ്പോൾ സൗഹൃദത്തിന്റെ മുഖച്ഛായയും മാറി. സ്വാർത്ഥ താൽപര്യങ്ങൾ കൂടിയപ്പോൾ സൗഹൃദത്തിന്റെ മാറ്റ് കുറയപ്പെട്ടു. പണ്ട് കാലത്ത് പരസ്പര സംസാരം വളരെ കൂടുതലായിരുന്നു. മുഖത്ത് നോക്കി പുഞ്ചിരിക്കാനും പരിഭവങ്ങളും പരാതികളും പിണക്കങ്ങളും വേദനകളും ഇടയ്ക്കൊക്കെ കുറച്ച് പരദൂഷണവും പറയാൻ നാം ഇടതടവില്ലാതെ ശ്രമിച്ച് കൊണ്ടിരുന്നു. പറയുന്നതിനപ്പുറം കേൾവിക്കാരായി പലരുടേയും മുൻപിൽ നാം ഇരുന്ന് കൊടുത്തു. പലപ്പോഴും വിരസതയോടെയാണെങ്കിലും അവയെല്ലാം ഓർത്ത് നാം പുഞ്ചിരി തൂകാറുണ്ട്. വാക്കുകൾക്ക് വലിയ ശക്തിയാണുള്ളത്. സംസാരത്തിലൂടെ നമുക്ക് ഓരോരുത്തരുടേയും മനസ് വായിക്കാൻ കഴിയുമായിരുന്നു. ആത്മാർത്ഥ സുഹൃത്ത് നമുക്കെല്ലാവർക്കും സ്വത്ത് തന്നെ ആയിരുന്നു.



കാലത്തിന്റെ കുത്തൊഴുക്കിൽ നമുക്ക് സൗഹൃദങ്ങൾ നഷ്ടമായി. വാക്കുകൾ പലപ്പോഴും അക്ഷരങ്ങളായി ചാറ്റുകളിലൂടെ ഒഴുകിയപ്പോൾ കൃത്യമായ വികാരം മറുതലയ്ക്കൽ എന്താണെന്നറിയാതെ കുഴങ്ങി. പല മെസ്സേജുകളും വേണ്ട രീതിയിൽ എടുക്കാതെ വന്നപ്പോൾ അവർക്കിടയിൽ അന്തരം ആരംഭിച്ചു. സൗഹൃദങ്ങൾ പലപ്പോഴും വാട്ട്സപ്പിലും ഫേസ്ബുക്കിലും കുടുങ്ങിയപ്പോൾ നാം എല്ലാവരും താഴേക്ക് നോക്കുന്നവർ ആയി. ഒരു മിനിറ്റ് ഇടവേള കിട്ടിയാൽ മുൻപിൽ ഇരിക്കുന്ന കൂട്ടുകാരോട് മിണ്ടാതെ താഴേക്ക് (മൊബൈലിൽ) നോക്കി നാം രസിക്കുന്നു. സ്മൈലികളിലൂടെ ആശയം പങ്ക് വയ്ക്കുന്നു. ഫേസ്ബുക്കിൽ രണ്ടായിരം സുഹൃത്തുക്കൾ ആയപ്പോൾ അതിൽ പലരുടേയും 'ഫെയ്സ്' നമുക്ക് അറിയാത്തതാണെന്നുള്ള സത്യം നാം മന:പൂർവ്വം മറക്കുന്നു. ഷെയറുകളിലും ലൈക്കുകളിലും നമ്മുടെ സൗഹൃദം ഒതുങ്ങിയപ്പോൾ, നമ്മുടെ ദു:ഖങ്ങൾ പങ്ക് വയ്ക്കാൻ ഒരു ആത്മാർത്ഥ സുഹൃത്ത് ഇല്ലാതായി എന്നുള്ള പരമാർത്ഥം നാം നിശബ്ദമായി അംഗീകരിച്ചു.

പണ്ട് സൗഹൃദങ്ങൾ എന്ത് പ്രശ്നത്തിനും പരിഹാരം നിർദ്ദേശിക്കാനുതകുന്ന തരത്തിലുള്ളതായിരുന്നു. എന്നാൽ ഇന്ന് നാം പരിശോദിച്ചാൽ, മനസ്സ് തുറന്ന് നമുക്ക് എത്രപേരോട്, നമ്മുടെ ദു:ഖങ്ങൾ പങ്കുവയ്ക്കാൻ കഴിയും. സൗഹൃദങ്ങൾ താങ്ങാവുന്നവയാകണം. ആത്മാർത്ഥ സുഹൃത്തുക്കൾ നമ്മെ തെറ്റിൽ നിന്ന് കൈപിടിച്ച് കയറ്റും. എന്നാൽ ഇന്നത്തെ സൗഹൃദങ്ങൾ കേവലം നൈമിഷിക ആനന്ദത്തിന് വേണ്ടിയുള്ളതാണെന്ന് തന്നെ പറയാം. ഓരോ ഇടത്തും ഓരോ സുഹൃത്തുക്കൾ, കാലത്തിന്റെ പോക്കിൽ അവരെല്ലാം മാറും. നമ്മുടെ ജീവിതത്തിൽ വന്ന് പോകുന്ന സൗഹൃദമല്ലാതെ, നില നിൽക്കുന്ന എത്ര സുഹൃത്തുക്കൾ ഉണ്ടെന്ന് പറയാൻ സാധിക്കും. നാം എത്ര പേർക്ക് ആത്മാർത്ഥ സുഹൃത്തായിട്ടുണ്ട്. ആലോചിക്കണം. ആത്മഹത്യ ചെയ്യുന്നതിന്റെ പ്രധാന കാരണം ഹൃദയം തുറന്ന് സംസാരിക്കാൻ ഒരാളില്ലാത്തതിന്റെ കുഴപ്പം തന്നെയാണ്. “പോട്ടെ, എല്ലാം ശെരിയാകും” എന്ന് തോളിൽ തട്ടി പറയാൻ എത്ര പേർക്ക് സാധിക്കും. അല്ലെങ്കിൽ അങ്ങനെയൊരാൾ ഒരേയൊരാൾ നമ്മുടെ ജീവിതത്തിൽ അത്യാവശ്യമായിട്ടും വേണം. വാട്ട്സപ്പിൽ ‘ഗുഡ് മോർണിങ്ങ്’ അയക്കുന്ന ഓരാൾ നേരിൽ കാണുമ്പോൾ പുഞ്ചിരി പോലും തൂകാറില്ല. അങ്ങനെയുള്ള ഔപചാരികതയുടെ മുഖം മൂടിയണിഞ്ഞ സുഹൃത്തുക്കളെയല്ല നമുക്ക് ആവശ്യം, ഓടി വന്ന് സങ്കടവും സന്തോഷവും ഒരുപോലെ പങ്കിടാൻ പറ്റിയ, നമ്മെ ശാസിക്കയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന സുഹൃത്തുക്കളെയാണ് നമുക്ക് വേണ്ടത്.

**ലോകത്തിൽ ഏറ്റവും സുന്ദരവും വിലയേറിയതും സൗഹൃദമാണ്**

ജോസഫ് അന്നംകുട്ടി ജോസിന്റെ “ദൈവത്തിന്റെ ചാരന്മാർ” എന്ന പുസ്തകത്തിൽ അദ്ദേഹം തന്റെ സുഹൃത്തിനെ പറ്റി ഇങ്ങനെ പറയുന്നുണ്ട്. “ദൈവം എന്നോട് നിനക്ക് എത്ര കാലം ഈ ഭൂമിയിൽ ജീവിക്കണം എന്ന് ചോദിച്ചാൽ എന്റെ മറുപടി ഇതായിരിക്കും, ദൈവമേ അവൻ (ആത്മാർത്ഥ സുഹൃത്ത്) ജീവിക്കുന്നതിലും ഒരു ദിവസം കുറച്ച് ജീവിച്ചാൽ മതി, എന്റെ ഈ ചെറിയ ജീവിതം ഇത്ര മനോഹരമായിരിക്കുന്നത്, ഭൂമിയുടെ ഏതോ കോണിൽ അവൻ ജീവിച്ചിരിപ്പുണ്ടെന്ന ഉറപ്പ് ഉള്ളത് കൊണ്ടാണ്”.

നല്ല സൗഹൃദങ്ങൾ സൃഷ്ടിക്കാനും അവ കാത്ത് സൂക്ഷിക്കാനും നാം ശ്രമിക്കണം. കാരണം ലോകത്തിൽ ഏറ്റവും സുന്ദരവും വിലയേറിയതും സൗഹൃദമാണ്.

**ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട**

# സീനിയർ വിഭാഗത്തിൽ സമ്മാനം നേടിയ പെൻസിൽ സ്കെച്ച്

(വിഷയം : കുടുംബം)



**റോണി വി. ജോൺ, സി. എസ്. ഐ. പാരിഷ് അബുദാബി**

ആരോഗ്യം

# കോവിഡ് 19

സജു മാത്യു




കൊറോണ വൈറസ് അല്ലെങ്കിൽ കോവിഡ് 19 ലോകത്തെ മുഴുവൻ ഭീതിയിലാഴ്ത്തിയിരിക്കുകയാണ്. മനുഷ്യനെ കാർന്നു തിന്നുന്ന ഈ വൈറസ് കൂട്ടത്തെ ഭയക്കേണ്ടതുണ്ട്. വൈറസ് മനുഷ്യരിൽ നിന്നും മനുഷ്യരിലേക്ക് പടർന്നു കൊണ്ടിരിക്കുന്നു. ചൈനയിലെ വുഹാൻ നഗരത്തിലാണ് ആദ്യമായി കൊറോണ സ്ഥിരീകരിച്ചത്. ഇതിനകം അനേകം പേർ ഈ വൈറസിന് ഇരയായി കഴിഞ്ഞു. ചൈനയിൽ മാത്രം ഏകദേശം 3000 ത്തിൽ അധികം പേരാണ് ഈ വൈറസ് ബാധിച്ച് മരിച്ചത്. 216 ൽ പരം രാജ്യങ്ങളിൽ ഈ വൈറസ് സ്ഥിരീകരിച്ചു. ലോകമെമ്പാടും ലക്ഷക്കണക്കിന് ആളുകൾക്ക് ഇതിനോടകം ജീവൻ നഷ്ട്ടപ്പെടുകയും അനേകം പേർ നിരീക്ഷണത്തിലുമാണ്. മരണ സംഖ്യ ഇനിയും ഉയർന്നേക്കാമെന്നാണ് നിഗമനം.

**രോഗ ലക്ഷണങ്ങൾ**

രോഗ ലക്ഷണങ്ങൾ പലരിലും പല തരത്തിലാണ് കണ്ടു വരുന്നത്. പനി, ചുമ, തല വേദന, തൊണ്ട വേദന, ക്ഷീണം, മണം രുചി മുതലായവ നഷ്ട്ടപ്പെടുക തുടങ്ങിയവയാണ് പ്രധാന ലക്ഷണങ്ങൾ. രോഗം മൂർച്ഛിക്കുന്ന അവസ്ഥയിൽ അത് ശ്വാസ തടസ്സം, നെഞ്ച് വേദന തുടർന്ന് അബോധാവസ്ഥയിലേക്കും നയിക്കും. രോഗ പ്രതിരോധ ശേഷി യുള്ളവരിൽ ലക്ഷണങ്ങൾ ഇല്ലാതെയും രോഗം കണ്ടു വരുന്നു. വൈറസ് ശരീരത്തിൽ പ്രവേശിച്ച് കഴിഞ്ഞ് സാധാരണ ഗതിയിൽ 5 – 6 ദിവസങ്ങൾക്കുള്ളിൽ രോഗ ലക്ഷണങ്ങൾ കാണിച്ചു തുടങ്ങും. എന്നിരുന്നാലും ഇത് 14 ദിവസങ്ങൾ വരെ എടുക്കാം.

ഇതെങ്ങനെയാണ് മനുഷ്യരിൽ നിന്നും മനുഷ്യരിലേക്ക് വളരെ പെട്ടെന്ന് പകരുന്നത് എന്ന് വ്യക്തമായി കണ്ടെത്താനായിട്ടില്ല. അതുകൊണ്ടു തന്നെ അതീവ ജാഗ്രത വേണം. ഈ വൈറസിന് മരുന്ന് കണ്ടെത്താനാകാത്തത് ഒരു പ്രധാന വെല്ലുവിളിയായി തുടരുന്നു.

**എങ്ങനെ തടയാം**

കൊറോണയിൽ നിന്നും മുക്തി പ്രാപിക്കുവാനായി പ്രത്യേകമായി ശ്രദ്ധിക്കേണ്ട കാര്യം ശുചിത്വമാണ്. പലരുമായും അടുത്ത് ഇടപഴകുന്നവരാണ് നമ്മൾ. കൈകൾ സോപ്പുപയോഗിച്ച് വൃത്തിയായി കഴുകുക, സാമൂഹിക അകലം പാലിക്കുക, മാസ്കും ഗ്ലൗസും ഉപയോഗിക്കുക, അനാവശ്യ യാത്രകൾ ഒഴിവാക്കുക തുടങ്ങിവയാണ് ഇതിനെ തടയാനായി നാം ചെയ്യേണ്ടത്. ഉപയോഗിച്ച മാസ്ക് വീണ്ടും ഉപയോഗിക്കാതെ, ചവറ്റു കുട്ടയിൽ കളയുക. മാസ്ക്ക് വയ്ക്കുന്നതിന് മുൻപും ശേഷവും കൈകൾ

ശേഷം 27–ാം പേജിൽ തുടരും

യാത്രകളിലൂടെ

# Museum of Tayiba

സോണിയ ഡെറിക്ക്




കുറെ നാളുകളായി പതിവുള്ള യാത്രകളൊന്നുമില്ലാതെ കുഞ്ഞുങ്ങളുടെ പഠനവും ജോലിത്തിരക്കുകളുമൊക്കെയായി ഓടിക്കൊണ്ടിരുന്നു. അങ്ങനെയിരിക്കെ നമ്മളും കോവിഡ് ഭീതിയിലായി. 2020 മാർച്ച് 13–ാം തിയതി ആരാധനയ്ക്കു ശേഷം കൊറോണയെ കുറിച്ചുള്ള ബോധവൽക്കരണം പള്ളിയിൽ ക്രമീകരിച്ചിരുന്നല്ലോ. സാമൂഹ്യ അകലത്തെ പറ്റിയും ഇക്കാലത്ത് കുഞ്ഞുങ്ങളെ എങ്ങനെ engage ചെയ്യിപ്പിക്കാം എന്നൊക്കെ ക്ലാസ്സ് എടുക്കാനായി വന്ന PCI (Prevention and Control of Infection) പ്രതിനിധി വളരെ നന്നായി പ്രതിപാദിച്ചു.

അങ്ങനെ ഞങ്ങളുടെ മനസ്സിലും ഒരു ലഡുപൊട്ടി. ഇന്നെന്തായാലും ആളും തിരക്കുമൊക്കെ ഒഴിഞ്ഞ ഒരിടത്തേക്ക് വച്ച് പിടിക്കാമെന്ന ധാരണയായി. അപ്പോൾ നമ്മുടെ യാത്രാ ലിസ്റ്റിൽ മുൻപിൽ ഉണ്ടായിരുന്ന Farm cum Museum തന്നെ കാണാമെന്ന ധാരണയായി.

ഉച്ചഭക്ഷണത്തിനു ശേഷം വീട്ടിൽ നിന്നും യാത്ര തിരിച്ചു. ഇവിടെ നിന്നും 126 കിലോ മീറ്റർ. Location Map ഉണ്ടായിരുന്നതിനാൽ എത്തിപ്പെടാൻ ബുദ്ധിമുട്ടുണ്ടായിരുന്നില്ല. വളരെ സൗഹാർദ്ദപരമായി അവിടത്തെ സൂക്ഷിപ്പുകാർ ഞങ്ങളെ സ്വീകരിച്ചു.



വളരെ ഒതുക്കമുള്ള എന്നാൽ നിറയെ ഫല വൃക്ഷങ്ങളും പക്ഷി മൃഗാദികളുമൊക്കെയായി നന്നായി പരിപാലിക്കപ്പെടുന്ന ഒരു ഫാം. ഒപ്പം അതിന്റെ വാതിൽക്കൽ തന്നെ യു. എ. ഇ. യുടെ പൗരാണികത നമുക്ക് പരിചയപ്പെടുത്തി തരുന്ന ഒരു മൂസിയം. ആദ്യം ഞങ്ങൾ ഫാമിലേക്ക് ഇറങ്ങി. നിറയെ കായ്ച്ച് കിടക്കുന്ന ബെർ മരങ്ങൾ കണ്ട് പരസ്പരം നോക്കുമ്പോൾ പറിച്ചെടുക്കാൻ അനുവാദം കിട്ടിക്കഴിഞ്ഞു. സന്തോഷത്തോടെ ഓടി നടന്നു കുറെ പറിച്ചു ബാഗിലാക്കി. പിന്നെ മുയൽ, താറാവ്, കോഴി, അരയന്നം ഇവയൊക്കെ കണ്ട് മുൻപോട്ട് പോകുമ്പോൾ അതാ പഴുത്ത് നിൽക്കുന്ന മൾബറി! പിന്നെ അതും കളഞ്ഞിട്ടു പോരാൻ പറ്റില്ലല്ലോ.



അങ്ങനെ ഫാമും മ്യൂസിയവും കണ്ടിറങ്ങുമ്പോൾ ഞങ്ങൾക്ക് കൈനിറയെ കിട്ടിയ സമ്മാനങ്ങൾ... ബെർ, മൾബറി, സീതപഴങ്ങൾ, താറാവ് മുട്ട, കരിമ്പ്... നമ്മുടെ

ശേഷം 38–ാം പേജിൽ തുടരും

പാചകം



# പപ്പട തോരൻ

ലിയ എലിസബത്ത് അലക്സ്

### ചേരുവകൾ

| | | |
|---|---|---|
| 1. പപ്പടം വറുത്തത് | – | 12 എണ്ണം |
| 2. തേങ്ങ ചിരകിയത് | – | 2 എണ്ണം |
| 3. സവാള | – | 2 എണ്ണം |
| 4. ഇഞ്ചി | – | 1 കഷ്ണം |
| 5. പച്ച മുളക് | – | 4 എണ്ണം |
| 6. മുളക് പൊടി | – | 3/4 സ്പൂൺ |
| 7. കറി വേപ്പില | – | 2 തണ്ട് |
| 8. എണ്ണ | – | 4 സ്പൂൺ |
| 9. കടുക് | – | 1/4 സ്പൂൺ |
| 10. ഉപ്പ് | – | പാകത്തിന് |

### പാകം ചെയ്യുന്ന വിധം

1. എണ്ണ ചൂടാക്കി കടുക് ഇട്ട് പൊട്ടിച്ച് സവാള വഴറ്റുക.
2. ഇഞ്ചി അരിഞ്ഞത്, പച്ച മുളക് അരിഞ്ഞത്, മുളക് പൊടി, കറി വേപ്പില, ഉപ്പ് എന്നിവ ചേർത്ത് വഴറ്റുക.
3. പപ്പടം പൊടിച്ചത് ചേർത്ത് അടുപ്പിൽ നിന്നും ഇറക്കി വയ്ക്കുക.
4. ചൂടോടെ ഉപയോഗിക്കുക.

37–ാം പേജിൽ നിന്നുള്ള തുടർച്ച

അയൽ രാജ്യക്കാരൊക്കെയും നല്ല മനുഷ്യരാണെന്ന് ഒരിക്കൽ കൂടെ അനുഭവിച്ചു. പൂത്ത് നിന്നിരുന്ന മാവിലൊക്കെ മാമ്പഴമാകുമ്പോൾ തിരികെ വരാമെന്ന് പറഞ്ഞ് സന്ധ്യയോടെ അവരോട് യാത്ര പറഞ്ഞിറങ്ങി.

പിന്നെ മടക്കയാത്രയിൽ പതിവ് പോലെ Liqaimat, ഫ്രൈഡേ മാർക്കറ്റിലെ കോണും പഴങ്ങളുമൊക്കെ ആസ്വദിച്ച് സന്തോഷകരമായി തിരികെ വീട്ടിലെത്തുവോളം കരുതിയ ദൈവത്തിന് സ്തോത്രം.

## കഴിഞ്ഞ ലക്കം യൂത്ത് ടൈംസിലെ ബൈബിൾ ക്വിസ്സ് ഉത്തരങ്ങൾ

(അപ്പൊസ്തലന്മാരുടെ പ്രവർത്തികൾ 6 – 10)

തയ്യാറാക്കിയത്: കൃപ ഫിലിപ്പ്

1. കൽദയരുടെ ദേശം (7:3)
2. സ്തെഫാനൊസ് (6:15)
3. മോശെ (7:22)
4. ശൗൽ (8:3)
5. ഫിലിപ്പൊസ് (8:15)
6. മൂന്ന് ദിവസം (9:9)
7. അനന്യാസ് (9:10)
8. തർസൊസുകാരൻ (9:11)

9a. കൊർന്നേല്യൊസ് (10:1)

9b. ഇത്താലിക (10:1)

10. വെൺമാടത്തിൽ (10:9)
11. യെരുശലേമിൽ നിന്നും ഗസെക്കുള്ള (8:26)
12. ശിമോൻ (8:18)

ബൈബിൾ ക്വിസ്സിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു. എല്ലാ ചോദ്യങ്ങൾക്കും ശരിയുത്തരം നൽകിയവർ

1. ശ്രീമതി. റീന ജീമോൻ
2. ശ്രീമതി. ശ്രീകല അജികുമാർ
3. ശ്രീമതി. റീന സൂസൻ ഫിലിപ്പ്
4. കുമാരി. ആഷിക മേരി ജോൺ
5. ശ്രീ. എൽദോസ് അച്ചൻകുഞ്ഞ്
6. ശ്രീമതി. റുവി മേരി ചെറിയാൻ
7. ശ്രീമതി. വൽസ സുനിൽ
8. ശ്രീമതി. ശാന്തമ്മ ബോവാസ്




വിജയികളെ അഭിനന്ദിക്കുന്നതോടൊപ്പം സമ്മാനങ്ങൾ സ്പോൺസർ ചെയ്ത വ്യക്തിയോടുള്ള നന്ദി രേഖപ്പെടുത്തുന്നു.

നിന്റെ വചനം എന്റെ കാലിനു ദീപവും
എന്റെ പാതെക്കു പ്രകാശവും ആകുന്നു.
സങ്കീ. 119:105

# ബൈബിൾ ക്വിസ്

(അപ്പൊസ്തല പ്രവർത്തികൾ 11 – 20)

1. ലോകത്തിൽ ഒക്കെയും മഹാക്ഷാമം ഉണ്ടാകും എന്ന് ആത്മാവിനാൽ പ്രവചിച്ച പ്രവാചകൻ ആര്? അത് എപ്പോൾ സംഭവിച്ചു?

2. "അരകെട്ടി ചെരുപ്പ് ഇട്ട് മുറുക്കുക, നിന്റെ വസ്ത്രം പുതച്ച് എന്റെ പിന്നാലെ വരിക" ആര് ആരോട് പറഞ്ഞു?

3. നിശ്ചയിച്ച ദിവസം രാജവസ്ത്രം ധരിച്ച് ഭദ്രാസനത്തിൽ ഇരുന്ന് ഹെരോദാവ് പ്രസംഗിച്ചപ്പോൾ, ജനം ആർത്ത് പറഞ്ഞത് എന്ത്?

4. ഞാൻ ബർന്നബാസിനേയും ശൗലിനേയും വിളിച്ചിരിക്കുന്ന വേലക്കായിട്ട് അവരെ എനിക്ക് വേർതിരിപ്പിൻ എന്ന് പറഞ്ഞതാർ?

5. എവിടെ വച്ചാണ് യോഹന്നാൻ ബർന്നബാസിനേയും ശൗലിനേയും വിട്ടു പിരിഞ്ഞ് യെരുശലേമിലേക്ക് മടങ്ങിയത്?

6. "നീ എഴുന്നേറ്റ് കാലൂന്നി നിവർന്ന് നില്ക്ക" ആര് ആരോട് പറഞ്ഞു?

7. ശബത്ത് തോറും പള്ളികളിൽ വായിച്ച് വന്നിരുന്നത് എന്താണ്?

8. പൗലോസ് സംസാരിച്ചത് ശ്രദ്ധിക്കേണ്ടതിന് കർത്താവ് ആരുടെ ഹൃദയമാണ് തുറന്നത്?

9. "അജ്ഞാത ദേവന്" എന്ന് എഴുതിയിരുന്ന വേദിക്കല്ല് പൗലോസ് എവിടെ വച്ചാണ് കണ്ടത്?

10. "നീ ഭയപ്പെടാതെ പ്രസംഗിക്ക, മിണ്ടാതിരിക്കരുത്, ഞാൻ നിന്നോട് കൂടെയുണ്ട്" ആര് ആരോട് പറഞ്ഞു?

11. പൗലോസ് ആരുടെ പാഠശാലയിലാണ് രണ്ടു സംവത്സരത്തോളം ദിനംപ്രതി സംവാദിച്ചു പോന്നത്?

12. "വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നത് ഭാഗ്യം" എന്ന് പറഞ്ഞത് ആര്?

## നിബന്ധനകൾ

1. ഒരാൾ ഒരു സെറ്റ് ഉത്തരം മാത്രം നൽകുക
2. ശരിയുത്തരങ്ങൾ ഇമെയിൽ (youthtimessharjah@gmail.com) വഴിയോ വാട്ട്സപ്പ് (0501728331) വഴിയോ ജൂലൈ 17–ാം തിയതിക്ക് മുൻപ് അയക്കുക.
3. മുഴുവൻ ശരിയുത്തരം നൽകുന്നവർക്ക് സമ്മാനങ്ങളും സർട്ടിഫിക്കറ്റും നൽകുന്നതാണ്
4. ക്വിസ്സ് മാസ്റ്ററുടെ തീരുമാനം അന്തിമമായിരിക്കും



യുവജന പ്രസ്ഥാനത്തിന്റെ ആദ്യത്തെ ചർച്ച് ബിൽഡിംഗ് പ്രോജക്ട് ആയി
2007ൽ പണികഴിപ്പിച്ച കൊമ്പുകുത്തി പള്ളി.




UAE യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ഏറ്റെടുത്ത സിൽവർ ജൂബിലി യൂത്ത് പ്രോജക്ട്.
കാട്ടറപ്പള്ളി മിഷനിൽ വങ്ങാനിരിക്കുന്ന വാഹനം.



കഴിഞ്ഞ മൂന്ന് വർഷമായി ഞങ്ങളെ നയിക്കുന്ന വറുഗീസ് മാത്യു അച്ചനും കുടുംബത്തിനും
ഷാർജ യുവജന പ്രസ്ഥാനത്തിന്റെ ആശംസകൾ.
ദൈവം കൂടുതലായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.